# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മട്ടന്നൂർ മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

# 2022-2023

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കണ്ണൂർ**

**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**

**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ/സി.15/92/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 26/02/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മട്ടന്നൂർ മുനിസിപ്പാലിറ്റി

സർ,

**വിഷയം : മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഏയിംസിൽ)
പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.തിരുവനന്തപുരം (ഇ-മെയിൽ)
ജോയിന്റ് ഡയറക്ടർ, എൽ.എസ്.ജി.ഡി., കണ്ണൂർ (ഇ-മെയിൽ)
ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ/സി.15/92/2024 തീയ്യതി: 26/02/2024

## കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 65 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 62 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുനിൽ.പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-01-2024 | 19-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-01-2024 | 19-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ലതാവാണി എൻ.എൻ., ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ.

ശ്രീമതി ഷൈമകുമാരി എസ്.എൽ., ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ.

ശ്രീമതി ഷിജില വി.ഡി., അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി ശ്രീജ കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ഗോകുൽ ഡി.കെ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പി.അനിത വേണു | ചെയർപേഴ്സൺ | 01-04-2022 | 14-09-2022 |

| | | | |
|---|---|---|---|
| ശ്രീ.എൻ.ഷാജിത്ത് മാസ്റ്റർ | ചെയർമാൻ | 15-09-2022 | 31-03-2023 |
| ശ്രീ.എസ്.വിനോദ് കുമാർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഹനേഷ് മുഹമ്മദ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.പ്രണാം.കെ.ടി | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷൈലജ.എ | ഹെഡ്മിസ്ട്രസ് -ജി എൽപി എസ് | 01-04-2022 | 31-03-2023 |
| ശ്രീ.ശശിധരൻ.എം.പി | ഹെഡ് മാസ്റ്റർ–ജി യു പി എസ് | 01-04-2022 | 31-03-2023 |
| ശ്രീ.അബ്ദുൽ റഫീഖ്.സി | ഹെൽത്ത് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.രമേഷ് ബാബു.കെ.പി | പ്രോജക്റ്റ് ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ദീപ.പി | മെഡിക്കൽ ഓഫീസർ -ജി എച്ച് ഡി | 01-04-2022 | 31-03-2023 |
| ഡോ.വിദ്യോത്കുമാർ.പി.വി | മെഡിക്കൽ ഓഫീസർ -ജി എ ഡി | 01-04-2022 | 31-03-2023 |
| ഡോ.ജി.രാമ അറുമുഖം | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 02-07-2022 |
| ഡോ.മഗേഷ്.എസ് | സീനിയർ വെറ്ററിനറി സർജൻ | 03-07-2022 | 04-10-2022 |
| ഡോ.ജി.രാമ അറുമുഖം | സീനിയർ വെറ്ററിനറി സർജൻ | 05-10-2022 | 12-03-2023 |
| ഡോ.മഗേഷ്.എസ് | സീനിയർ വെറ്ററിനറി സർജൻ | 13-03-2023 | 31-03-2023 |
| ശ്രീമതി.ജിസ്മി അഗസ്റ്റിൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 16-01-2023 |
| ശ്രീമതി.ശ്രീലത.പി.പി | ഐ സി ഡി എസ് സൂപ്പർവൈസർ | 17-01-2023 | 31-03-2023 |
| ഡോ.സുഷമ.കെ | മെഡിക്കൽ ഓഫീസർ(സി എച്ച് സി) | 01-04-2022 | 02-05-2022 |
| ഡോ.രസ്ന.കെ | മെഡിക്കൽ ഓഫീസർ(സി എച്ച് സി) | 03-05-2022 | 30-06-2022 |
| ഡോ.സുഷമ.കെ | മെഡിക്കൽ ഓഫീസർ(സി എച്ച് സി) | 01-07-2022 | 31-03-2023 |

**ഉള്ളടക്കം**

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | തൻ വർഷത്തെ ട്രയൽ ബാലൻസ് മുന്നിരിപ്പ് മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | അക്കൗണ്ട്സ് ചട്ടങ്ങൾ പാലിച്ചിട്ടില്ല. | 1-1-3 |
| 5 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല | 1-1-5 |
| 7 | ഡെപ്പോസിറ്റ് പ്രവൃത്തിക്കു നൽകിയ തുക തെറ്റായ ശീർഷകത്തിലുൾപ്പെടുത്തി | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-7 |
| 9 | ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകളില്ല. | 1-1-8 |
| 10 | ബാങ്കിൽ നേരിട്ട് ക്രഡിറ്റ് ചെയ്ത തുക അക്കൗണ്ട് ചെയ്തിട്ടില്ല. | 1-1-9 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-10 |
| 12 | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-12 |
| 14 | ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ ചെലവിൽനിന്നും ജി എസ് ടി ഈടാക്കിയിട്ടില്ല | 1-6-1 |
| 21 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി -വർഷാവസാനം വരവ് ചെലവ് സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല | 1-6-2 |
| 22 | ക്ഷേമ പദ്ധതികൾ | 1-7 |
| 23 | സാമൂഹ്യ സുരക്ഷ പെൻഷൻ -അനർഹമായി കൈപ്പറ്റുന്നത് | 1-7-1 |
| 24 | കർഷക പെൻഷൻ അനർഹമായി കൈപറ്റിയതിന്റെ വിവരം | 1-7-2 |
| 25 | ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം | 1-8 |
| 26 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 27 | വാർഡ് സഭ | 1-10 |
| 28 | വസ്തു നികുതി പിരിവ് -ക്രമാതീതമായ കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു | 1-11 |
| 29 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ | 1-12 |
| 30 | FTE&OS ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ | 1-13 |
| 31 | സിനിമാ തിയേറ്റർ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-14 |
| 32 | കെട്ടിട വാടക വരവ് പൊതു അപാകങ്ങൾ | 1-15 |
| 33 | കല്ലൂർ വ്യവസായ എസ്റ്റേറ്റിൽ പ്ലോട്ടുകൾ അനുവദിച്ച വ്യവസായ സംരംഭകരിൽ നിന്നും ₹512629 വാടക ഈടാക്കിയിട്ടില്ല | 1-16 |
| 34 | വിനോദ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ | 1-17 |
| 35 | ഉദുവച്ചാൽ വനിത ഹോസ്റ്റൽ - നഗരസഭ കൃത്യമായ മോണിറ്ററിംഗ് നടത്തേണ്ടതും | 1-18 |

| | | |
|---|---|---|
| | ബൈലോയ്ക്ക് അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്. | |
| 36 | ആംബുലൻസ് നടത്തിപ്പ്-അപാകതകൾ | 1-19 |
| 37 | സെക്രട്ടറിക്ക് ക്വാർട്ടേഴ്സിന്റെ വാടകയും വീട്ടുവാടക അലവൻസും ഒരേ സമയം അനുവദനീയമല്ല.₹39744 തിരികെ ഈടാക്കേണ്ടതാണ്. | 1-20 |
| 38 | സെക്രട്ടറിയുടെ ശമ്പള ഇനത്തിലുള്ള തുക സർക്കാരിലേക്ക് തിരികെ ഒടുക്കുന്നില്ല | 1-21 |
| 39 | പെൻഷൻ വിഹിതം കുറവ് ചെയ്യാതെ ശമ്പള പരിഷ്കരണ തുക അനുവദിച്ചു. | 1-22 |
| 40 | അഡ്വാൻസ് തുക ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹50000 തടസ്സപ്പെടുത്തുന്നു. | 1-23 |
| 41 | അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - കേന്ദ്ര സർക്കാരിൽ നിന്നും തുക ലഭ്യമായിട്ടില്ല | 1-24 |
| 42 | പെൻഷൻ ഫണ്ട് അവലോകനം | 1-25 |
| 43 | ഐ കെ എം വിഹിതം കൈമാറൽ–വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല ₹500000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 44 | വയോമിത്രം പദ്ധതി-മോണിറ്ററിംഗ് റിപ്പോർട്ട്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.₹10,00,000തടസ്സപ്പെടുത്തുന്നു | 1-27 |
| 45 | റിംഗ് കംപോസ്റ്റ് സ്ഥാപിക്കൽ- ഗുണഭോക്തൃ വിഹിതം ₹1,19,750 ചെലവഴിച്ചില്ല. | 1-28 |
| 46 | കുടിവെള്ള വിതരണ കിയോസ്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല. ₹ 1021548 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 47 | പൗരാവകാശ രേഖ പ്രസിദ്ധീകരിക്കാത്തത് | 1-30 |
| 48 | തനത് ഫണ്ട് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-31 |
| 49 | കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല -ചെലവ് തുക 1,20,000രൂപ തടസ്സപ്പെടുത്തുന്നു. | 1-32 |
| 50 | നഗരസഭാ ഫണ്ടിൽ ഒടുക്കിയ തുക 2589രൂപ സഞ്ചിതനിധിയിലേയ്ക്ക് മാറ്റേണ്ടതാണ്. | 1-33 |
| 51 | കാര അമ്പലം കനാൽ റോഡ് ബാക്കി ഭാഗം നിർമാണം -2019-20 വർഷം ആരംഭിച്ച പ്രവൃത്തി നാളിതുവരേയും പൂർത്തീകരിച്ചിട്ടില്ല | 1-34 |
| 52 | പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല | 1-35 |
| 53 | ആസ്തികളുടെ സംരക്ഷണം - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-36 |
| 54 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം -സർക്കാർ ഉത്തരവിനു വിരുദ്ധമായി അധികം ചെലവഴിച്ച ₹4,69,300 നിരാകരിക്കുന്നു. | 1-37 |
| 55 | എസ്.സി വിഭാഗത്തിന് വീട് റിപ്പേർ -എസ്റ്റിമേറ്റ് ലഭ്യമാക്കിയില്ല ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-38 |
| 56 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം- -പ്രോജക്റ്റ് നടത്തിപ്പിലെ അപാകം ₹4,69,080 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-39 |
| 57 | ബാലസഭ- പ്രവർത്തനം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായുള്ള ₹127985 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-40 |
| 58 | വിവിധ സംരംഭ / യൂണിറ്റുകൾക്ക് വായ്പ ബന്ധിത സബ്സിഡി അനുവദിക്കൽ– അപാകം - 18,10,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-41 |
| 59 | ഭവന നിർമ്മാണം പൂർത്തിയാക്കാത്തത് -സംബന്ധിച്ച് | 1-42 |
| 60 | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്ന് മുഴുവൻ മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടില്ല - ₹42,31,644 യുടെ ചെലവ് തടസപ്പെടുത്തുന്നു | 1-43 |
| 61 | എസ്.എസ്.എ വിഹിതം നൽകൽ–വിനിയോഗ സാക്ഷ്യപത്രം,പ്രവർത്തന വിശദാംശം എന്നിവ ലഭ്യമാക്കിയിട്ടില്ല -₹15,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-44 |
| 62 | തുടർ സാക്ഷരത പദ്ധതി-വിശദവിവരം ലഭ്യമാക്കിയില്ല - ₹ 1,49,850 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-45 |
| 63 | മട്ടന്നൂർ ഗവ: യു.പി സ്കൂളിൽ കുഴൽ കിണർ നിർമ്മാണം തുക കൈമാറൽ - ചെലവ് രേഖകൾ/മോണിറ്ററിങ് റിപ്പോർട്ട് ഹാജരാക്കിയില്ല ₹1,75,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-46 |

| | | |
|---|---|---|
| 64 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് | 1-47 |
| 65 | തനത് വരുമാനം - പൊതു അവലോകനം | 1-48 |
| 66 | നിക്ഷേപ പ്രവൃത്തി- പൊതു അവലോകനം | 1-49 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സെക്രട്ടറിക്ക് ക്വാർട്ടേഴ്സിന്റെ വാടകയും വീട്ടുവാടക അലവൻസും ഒരേ സമയം അനുവദനീയമല്ല.₹39744 തിരികെ ഈടാക്കേണ്ടതാണ്. | 3-1 |
| 2 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം -സർക്കാർ ഉത്തരവിനു വിരുദ്ധമായി അധികം ചെലവഴിച്ച ₹4,69,300 നിരാകരിക്കുന്നു. | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 27.7.2023 തീയതിയിലെ 36-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 7.8.2023 തിയ്യതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1 & 11.3, എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭാ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി, ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടുകൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ , അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി , മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തീക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
26.02.2024.

## 1-1-1 തൻ വർഷത്തെ ട്രയൽ ബാലൻസ് മുന്നിരിപ്പ് മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപെടുന്നില്ല.

ചുവടെ ചേർത്ത ഇനങ്ങളിലെ തൻ വർഷത്തെ ട്രയൽ ബാലൻസ് മുന്നിരിപ്പ്, 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| Code No- | ഇനം | തൻ വർഷത്തെ ട്രയൽ ബാലൻസ് | 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരമുള്ള |
|---|---|---|---|

| | | മുന്നിരിപ്പ് | നീക്കിയിരിപ്പ് |
|---|---|---|---|
| 350200130 | Recoveries Payable -EPF | 263550 | 207300 |
| 450210100 | Union Bank Of India Own Fund | 398452.83 | 454702.83 |

ഇപ്രകാരം 56250 രൂപയുടെ വ്യത്യാസമുള്ളതിനാൽ തൻ വർഷത്തെ RP-40(a) ഷെഡ്യൂൾ പ്രകാരമുള്ള തുക 2021-22 വർഷത്തെ RP-40(b) ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/ Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹19630479 യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹19581779 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും നഗരസഭ സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-3 അക്കൗണ്ട്സ് ചട്ടങ്ങൾ പാലിച്ചിട്ടില്ല.

I) 2007ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.4 പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ തുകകൾ പൂർണ്ണ രൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ അപ്രകാരം പൂർണ്ണ രൂപയിൽ രേഖപ്പെടുത്തിയിട്ടില്ല.

Ii) 2007ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.3 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ വാർഷിക കണക്കിൽ മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-4 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപെടുത്തിയിട്ടില്ല

2007ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.2(f) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-5 നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല

2007ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.2(e) പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-6 ഡെപോസിറ്റ് പ്രവൃത്തിക്കു നൽകിയ തുക തെറ്റായ ശീർഷകത്തിലുൾപെടുത്തി

പ്രൊജക്ട് നമ്പർ 372/23 , കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലത്ത് പൈപ്പ് ലൈൻ നീട്ടുന്നതിനായി കണ്ണൂർ ഭൂജല വകുപ്പിന് ഡെപ്പോസിറ്റായി നൽകിയ തുകയുടെ (₹120000) വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഡെപ്പോസിറ്റായി നൽകിയ തുക ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതിനു പകരം I-14 ഷെഡ്യൂളിൽ റവന്യൂ ചെലവായി രേഖപ്പെടുത്തി.

## 1-1-7 സമയബന്ധിതമായി ഡിമാന്റ് രേഖപെടുത്തുന്നില്ല

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി,വാടക വരവ് എന്നിവ മാർച്ച് മാസാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-8 ജേണൽ വൌച്ചറുകളെ സാക്ഷ്യപെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകളില്ല.

ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. ഉദാഹരണമായി സി എഫ് സി ഗ്രാന്റ് ഇനത്തിൽ നിന്നും ജേണൽ വൌച്ചർ മുഖേന കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയ തുക, വിവിധ ഡിമാന്റുകളിൽ വ്യത്യാസം വരുത്തുന്നതിനായി ഐ-18 ഷെഡ്യൂളിൽ പ്രയർ പിരീഡ് വരവ് ചെലവായി ഉൾപ്പെടുത്തിയ തുക, എന്നിവ സംബന്ധിച്ച രേഖകൾ തയ്യാറാക്കിയിട്ടില്ല.

### 1-1-9 ബാങ്കിൽ നേരിട്ട് ക്രഡിറ്റ് ചെയ്ത തുക അക്കൗണ്ട് ചെയ്തിട്ടില്ല.

HDFC Bank (450220500) റീകൺസിലിയേഷൻ സ്റ്റേറ്റ്മെൻറ് പ്രകാരം 1-10-21 ൽ 1608 രൂപ അക്കൗണ്ടിൽ നേരിട്ട് ക്രെഡിറ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പരിശോധിച്ച് രസീത് പുറപ്പെടുവിച്ച് കണക്കിലെടുത്തിട്ടില്ല.

### 1-1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-11 വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക രജിസ്റ്ററിലെ തുകയുമായി പൊരുത്തപെടുന്നില്ല.

I) സ്ഥിര നിക്ഷേപം - ബാലൻസ് ഷീറ്റ് ബി 12 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുക (5620242) രജിസ്റ്റർ പ്രകാരമുള്ള തുകയുമായി (5880456) പൊരുത്തപ്പെടുന്നില്ല. മുൻ സാമ്പത്തിക വർഷത്തെ പലിശ ഇനത്തിലുള്ള 260214 രൂപ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

Ii) ലോൺ രജിസ്റ്റർ- ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ പ്രകാരം 31-03-2023 തീയതിയിലെ വായ്പ ബാധ്യത തുക ₹32459361ആണ്. വായ്പ രജിസ്റ്ററിൽ KURDFC -മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ലോൺ - 31-03-23 ലെ വായ്പാ ബാധ്യതയായി 1226154 യും ലൈഫ് മിഷൻ വായ്പ ഇനത്തിൽ ബാധ്യതയായി 32479997 രൂപയും ഉൾപ്പെടെ ആകെ 33706151 തിരിച്ചടക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. KURDFC -മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ലോൺ ഇനത്തിൽ പലിശ ഇനത്തിൽ അടവാക്കിയ 234668 രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുകയിൽ നിന്നും കുറവ് ചെയ്താണ് വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

Iii) സി എഫ് സി ഗ്രാന്റ് ചെലവ് വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് | വാർഷിക ധനകാര്യ പത്രിക |
|---|---|---|
| സി എഫ് സി ഗ്രാന്റ് | 25109095 | 36519404(B3 Schedule) +8723679(I6 Schedule)=45243083 |

### 1-1-12 രജിസ്റ്റർ സൂക്ഷിക്കുന്നില്ല

I)ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ B-7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

Ii) നഗരസഭയ്ക്ക് സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച ഗ്രാന്റുകളുടെ (ആർ പി -24, ബി -4 ഷെഡ്യൂളുകൾ) വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

Iii) ബാലൻസ് ഷീറ്റ് ബി 15 ഷെഡ്യൂൾ പ്രകാരം നികുതി നികുതിയേതര ഇനങ്ങളിൽ കുടിശ്ശിക രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-1-13 ഓഡിറ്റിൽ കൃത്യത സാക്ഷ്യപെടുത്താവുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

1. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇനം തിരിച്ചുള്ള വിവരങ്ങളുടെ സംക്ഷിപ്തവും ആകെ തുകയും എഴുതാത്തതിനാൽ B-18 പ്രകാരമുള്ള മുൻകൂർ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തെ B-18 ഷെഡ്യൂൾ പ്രകാരം Festival Advance (₹308,000), Advance To Others (₹37700) എന്നീ ഇനങ്ങളിൽ ക്രമീകരിക്കാൻ ബാക്കിയുള്ള തുക തൻ വർഷം ക്രമീകരിച്ചിട്ടുണ്ട്. തുക ക്രമീകരിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീ, വസ്തു നികുതി, പെർമ്മിറ്റ് ഫീ, വാടക ഉൾപ്പെടെ എല്ലാ നികുതി-നികുതിയേതര വരവിനങ്ങളുടെയും സാക്ഷ്യപ്പെടുത്തിയ ഡി സി ബി പത്രിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനങ്ങളിൽ വാർഷിക കണക്കിൽ ചേർത്ത ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് അംഗീകരിച്ച ഭരണ സമിതിതീരുമാനം നമ്പർ/ തീയതി | 30.3.2022-ലെ തീരുമാനം (നം ഇല്ല ) | |
| പുതുക്കിയ ബജറ്റ് അംഗീകരിച്ച തീരുമാനം നമ്പർ , തീയതി | 1/23 Dt 21.3.2023 | |
| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
| മുന്നിരിപ്പ് | 8,23,75,522 | 2,05,48,616 |
| വരവ് | 70,22,66,064 | 50,50,01,849 |
| ആകെ | 78,46,41,586 | 52,55,50,465 |
| ചെലവ് | 77,02,55,000 | 52,09,58,241 |
| നീക്കിയിരിപ്പ് | 1,43,86,586 | 45,92,224 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 5,64,09,837.51 |
| ഓഡിറ്റ് വർഷത്തെ വരവ് | 31,91,18,701 |
| ആകെ | 37,55,28,538.51 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 28,55,73,500 |
| നീക്കിയിരിപ്പ് | 8,99,55,038.51 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ (ഓഡിറ്റിൽ അംഗീകരിക്കാത്ത തുക) | ₹509044 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 1,12,55,107 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 4,71,54,133 | 4,71,54,133 | 4,33,79,190 | 37,74,943 |
| വികസനഫണ്ട് എസ്.സി.പി | 0 | 41,39,795 | 41,39,795 | 33,42,541 | 7,97,254 |
| വികസനഫണ്ട് ടി.സി.പി | 0 | 4,78,732 | 4,78,732 | 3,43,263 | 1,35,469 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 1,30,75,000 | 1,30,75,000 | 1,30,75000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 0 | 1,85,41,000 | 1,85,41,000 | 1,08,44,992 | 76,96,008 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ-ടൈഡ്&ബേസിക്- | 1,59,48,295 | 1,90,36,000 +4,90,273(പലിശ) | 3,54,74,568 | 2,01,38,363 | 1,53,36,205 |

| | | | | | | |
|---|---|---|---|---|---|---|
| ബാങ്ക് | | | | | | |
| സെൻട്രൽഫിനാൻസ് കമ്മീഷൻ-ടൈഡ്&ബേസിക്-ട്രഷറി | | 0 | 1,98,08,042 | 1,98,08,042 | 49,70,732 | 1,48,37,310 |
| സാക്ഷരത | | 12,813 | 349 | 13,162 | 0 | 13,162 |
| ഹെൽത്ത് ഗ്രാന്റ് | | 0 | 1,30,00,000 (പലിശ ഒഴികെ ) | 1,30,00,000 | 0 | 1,30,00,000 |
| ആയുഷ് ഫണ്ട് | | 0 | 4,50,000 | 4,50,000 | 0 | 4,50,000 |
| സ്വച്ച് ഭാരത് അഭിയാൻ | | 0 | 18,57,116 | 18,57,116 | 18,57,116 | 0 |
| പി എം എ വൈ | | 0 | 99,81,500 | 99,81,500 | 99,81,500 | 0 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി- | ബാങ്ക് | 3,76,092 | 24,631 | 4,00,723 | 3,94,258 | 6,465 |
| | ട്രഷറി | 0 | 1,49,75,625 | 1,49,75,625 | 1,49,75,625 | 0 |

കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച വിവിധ ഗ്രാന്റുകളുടെ (എൻ.യു.എൽ.എം, ഐ.എച്ച്.എസ്. ഡി.പി.1, ഐ.എച്ച്.എസ്.ഡി.പി.2, പി.എം.എ.വൈ, ശുചിത്വ മിഷൻ 1, ശുചിത്വ മിഷൻ. 2, ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം) വരവ് ചെലവ് നീക്കിയിരിപ്പ് വിവരങ്ങൾ, 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക ബി-4 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ ഗ്രാന്റുകളുടെ വിനിയോഗ വിവരങ്ങൾ മേൽ പട്ടികയിൽ ചേർത്തിട്ടില്ല. ഗ്രാന്റ് വിനിയോഗ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | ചെലവ് | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 334 | 171 | 25,83,16,824 | 88 | 83 | 163 | 10,52,31,345 | 26 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | അടങ്കൽ | പദ്ധതികളുടെ എണ്ണം | | ചെലവ് | ശതമാനം |
|---|---|---|---|---|---|
| | | അടങ്കൽ വെച്ചത് | ചെലവഴിച്ചത് | | |
| സെക്രട്ടറി | 7,10,80,324 | 68 | 36 | 2,60,51,553 | 36.65 |
| കൃഷി ഓഫീസർ | 21,79,990 | 5 | 5 | 17,68,920 | 81.14 |
| മുനിസിപ്പൽ എഞ്ചിനീയർ | 14,35,11,021 | 202 | 77 | 4,25,97,120 | 29.68 |

| | | | | | |
|---|---|---|---|---|---|
| സീനിയർ വെറ്റിനറി സർജൻ | 30,45,200 | 5 | 5 | 16,76,774 | 55.06 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 89,51,000 | 6 | 6 | 78,44,479 | 87.63 |
| മെഡിക്കൽ ഓഫീസർ-ആയുർവേദ | 11,00,000 | 1 | 1 | 11,00,000 | 100 |
| മെഡിക്കൽ ഓഫീസർ-സി എച്ച് സി - | 1,23,23,432 | 9 | 9 | 1,09,24,186 | 88.65 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2,50,000 | 1 | 1 | 2,50,000 | 100 |
| ഹെഡ്മിസ്ട്രസ്സ് - ജി എൽ പി .എസ് | 75,000 | 2 | 2 | 72,308 | 96.41 |
| ഹെഡ്മാസ്റ്റർ-ജി യു പി .എസ് | 20,25,000 | 5 | 4 | 18,74,137 | 92.55 |
| ഹെൽത്ത് ഓഫീസർ | 35,31,000 | 1 | 1 | 27,72,000 | 78.50 |
| പ്രോജക്ട് ഓഫീസർ | 1,02,44,857 | 29 | 24 | 82,99,868 | 81.01 |
| ആകെ | 25,83,16,824 | 334 | 171 | 10,52,31,345 | 40.74 |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച 2022-23വർഷത്തെ വരവ്-ചെലവ് കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബാങ്ക് | 376092 | 24631 | 400723 | 394258 | 6465 |
| ട്രഷറി | -- | 14975625 | 14975625 | 14975625 | 0 |
| ആകെ | 376092 | 1500256 | 15376348 | 15369883 | 6465 |

## 1-6-1 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ ചെലവിൽനിന്നും ജി എസ് ടി ഈടാക്കിയിട്ടില്ല

(ഗുഡ്സ് ആന്റ് സർവ്വീസ് ആക്ട് 2017ലെ സെക്ഷൻ 5, 21-07-2018ലെ 28th ജി.എസ്.സി. കൗൺസിൽ തീരുമാനം) ജ്.എസ്.ടി ചട്ടം അനുസരിച്ച് നികുതികൾ ഒഴികെ ബിൽ തുക 250000 രൂപയോ അതിൽ കൂടുതലോ അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യണം. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്കു വേണ്ടി സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാർക്ക് ബിൽ തുകകൾ അനുവദിച്ചതിൽ മെറ്റീരിയൽ ബില്ലുകൾ പ്രകാരം 250000 രൂപയിൽ അധികം തുകകൾ അനുവദിച്ച കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% നിരക്കിൽ.ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 58 തീയതി 17-1-2024ന് മറുപടിയായി 2022-23 വർഷം കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% നിരക്കിൽ ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്തിട്ടില്ല

എന്നാണ് അറിയിച്ചത്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | എം ബുക്ക് നമ്പർ | പ്രവൃത്തി മൂല്യം | മെറ്റീരിയൽ ചെലവ് അനുവദിച്ചത് | ബിൽ നമ്പരും തീയതിയും |
|---|---|---|---|---|
| പനയഞ്ചാൽ കുളിക്കടവ് ഫുട്പാത്ത്കോൺക്രീറ്റിംഗ് | 7428 | 335624 | 271053 | 100757635<br>11-11-22 |
| വെമ്പാടി മദ്രസ റോഡ് കോൺക്രീറ്റിംഗ് | 7474 | 335674 | 271053 | 100757635<br>11-11-22 |
| കാര സ്കൂൾ നവോദയ വായനശാല ഫുട്പാത്ത് കോൺക്രീറ്റീംഗ് | 7568 | 335674 | 271054 | 100757635<br>11-11-22 |
| പഴശ്ശി തറക്കൽ ഫുട്പാത്ത് കോൺക്രീറ്റിംഗ് | 7468 | 335674 | 271054 | 100757635<br>17-2-23 |

മെറ്റീരിയൽ ബില്ലുകൾ പ്രകാരം 250000 രൂപയിൽ അധികമുള്ള തുകകൾ അനുവദിച്ച കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% നിരക്കിൽ.ജി.എസ്.ടി (ടി.ഡി.എസ്) തുക കുറവ് ചെയ്ത് ഒടുക്ക് വരുത്തേണ്ടതാണ്.

### 1-6-2 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി -വർഷാവസാനം വരവ് ചെലവ് സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല

മട്ടന്നൂർ നഗരസഭയിൽ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23വർഷത്തിലെ അംഗീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരം നിർവഹിക്കേണ്ട ആകെ പ്രൊജക്ടുകളുടെ എണ്ണം 433 ആണ്. എന്നാൽ ആകെ 169 പ്രവൃത്തികളാണ് നിർവഹിച്ചിരിക്കുന്നത്. ആയതിൽ 35 എണ്ണം മെറ്റീരിയൽ (മരാമത്ത്) പ്രവൃത്തികളാണ്. നാളിതുവരേയും 1937 എണ്ണം തൊഴിൽ കാർഡ് അനുവദിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ 100 ദിവസം തൊഴിൽ ലഭിച്ച 122 തൊഴിൽ കാർഡ് ഉടമകൾക്ക് 1000രൂപ വീതം പാരിതോഷികം നൽകിയിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്. PMAY ഗുണഭോക്താക്കളേയും ക്ഷീരകർഷകരേയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടുണ്ടെങ്കിലും 31-3-2023 ലെ നീക്കിബാക്കി തുക പാസ്ബുക്ക് ബാലൻസുമായി പൊരുത്തപ്പെടുത്തി എഴുതി സൂക്ഷിക്കുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. വർഷാവസാനം ക്യാഷ് ബുക്കിൽ ബാക്കി വരുന്ന തുക പാസ്ബുക്കിലെ നീക്കിബാക്കി തുകയുമായി പൊരുത്തപ്പെടുത്തി എഴുതി സൂക്ഷിക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

### 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 10,654,000 | 959 |
| വിധവാ പെൻഷൻ | 23,294,100 | 2104 |
| വാർദ്ധക്യകാല പെൻഷൻ | 31,819,400 | 3256 |
| ഭിന്നശേഷി പെൻഷൻ | 5302,600 | 498 |
| അവിവാഹിത പെൻഷൻ | 2,589,800 | 242 |

### 1-7-1 സാമൂഹ്യ സുരക്ഷ പെൻഷൻ -അനർഹമായി കൈപ്പറ്റുന്നത്

പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെടുന്നത് പരിശോധിക്കാനായി ഡെത്ത് റിപ്പോർട്ടും, ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കുന്ന രേഖകളും വെച്ച് റാൻഡം പരിശോധന നടത്തിയപ്പോൾ താഴെ പരാമർശിച്ചവർക്ക് മരണാനന്തരവും പെൻഷൻ വിതരണം നടത്തിയതായി കാണുന്നു .

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | ഡെത്ത് രജിസ്ട്രേഷൻ നം &തീയതി | പെൻഷൻ തരം | പെൻഷൻ നൽകുന്ന സ്ഥാപനം | മരണശേഷം പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | നബീസു പിലാക്കൽ | 620544572869 | 102170202355 | 20.05.22 | 120/22 Dt 13.6.22 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | | 9/22 @1600 |
| 2 | ചന്ദ്രൻ .പി | 718886056944 | 102170202577 | 21.12.2022 | 275/22 DT 30.12.22 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | | 1/23 ,2/23 @1600 |
| 3 | ജലജ പുരുഷോത്തമൻ | 713056349963 | 102170602082 | 28.11.2022 | 256/22 Dt 14.12.22 | വിധവ പെൻഷൻ | | 1/23 @1600 |
| 4 | നാരായണൻ നമ്പ്യാർ പി എം | 948615514832 | 102170201748 | 28.12.2022 | 6/23 Dt 13.1.23 | (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | | 1/23 To6/ 23-@600 |
| 5 | ശ്രീധരൻ നമ്പ്യാർ കരിയാടൻ | 665121826300 | 102170201480 | 15.01.2023 | 16/23 Dt 9.2.23 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | | 2/23 To6/ 23-@600 |
| 6 | കാദർക്കുട്ടി പി പി | 978274652185 | 102170200175 | 28.1.23 | 27/23 Dt 1.3.23 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | | 2/23 To6/ 23-@1600 |
| 7 | മായൻ സി ചൂര്യോട്ട് | 522098595537 | 111690201093 | 7.2.23 | 33/23 Dt 1.3.23 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | ഇരിട്ടി നഗരസഭ | 3/23 To6/ 23-@1600 |
| 8 | ദാമോദരൻ കെ | 694626807466 | 102170101531 | 27.1.23 | 35/23 Dt 1.3.23 | കർഷക തൊഴിലാളി പെൻഷൻ | | 2/23 To6/ 23-@1600 |
| 9 | കെ.വി. മമ്മു ഹാജി | 243539692463 | 102170200457 | 8.3.2023 | 49/23 Dt 16.3.23 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | | 4/23 To To6/ 23@1600 |
| 10 | മീനാക്ഷിഅമ്മ പന്ന്യോടൻ - | 434026153630 | 111690201006 | 1.2.23 | 50/16.3.23 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | ഇരിട്ടി നഗരസഭ | 2/23 To To3/23 @1600 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 11 | കമല | 663640619375 | 111760202937 | 22.2.23 | 58/25.3.23 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | പേരാവൂർ ഗ്രാമ പഞ്ചായത്ത് | 3/23 To 6/23 @1600 |

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് മരണപ്പെട്ട വ്യക്തിയുടെ ആധാർ പരിശോധിച്ച് സാമൂഹ്യ സുരക്ഷാ പെൻഷണർ ആണോ എന്ന് ഉറപ്പുവരുത്തി പെൻഷൻ സസ്പെൻഡ് ചെയ്യാൻ നടപടിയെടുക്കുന്നില്ലായെന്നും, 2022-23 സാമ്പത്തിക വർഷം മട്ടന്നൂർ നഗരസഭയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ലായെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/12.1.24) മറുപടി ലഭിച്ചത്. മരണപ്പെടുന്നവരേയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണ് എന്ന് 63/2021/ധന തീയതി 2.8.21 സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഡെത്ത് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ മരണപ്പെട്ട വ്യക്തിയുടെ ആധാർ നമ്പർ പരിശോധിച്ച് സാമൂഹ്യ സുരക്ഷാ പെൻഷണർ ആണോ എന്ന് ഉറപ്പുവരുത്തി പെൻഷണറെ ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കി പെൻഷൻ സസ്പെൻഡ് ചെയ്യാൻ ശിപാർശ ചെയ്യേണ്ടതാണ്. മുകളിൽ പരാമർശിച്ചവരുടെ പെൻഷൻ തിരിച്ചു പിടിക്കുന്നതിന് ബന്ധപ്പെട്ട ബാങ്കിന് കത്ത് നൽകുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തിരിച്ചുപിടിച്ച തുക സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലമിറ്റഡിന്റെ 0011010230000269 അക്കൗണ്ടിലേക്ക് ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ ഉത്തരവ് പ്രകാരം സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-7-2 കർഷക പെൻഷൻ അനർഹമായി കൈപറ്റിയതിന്റെ വിവരം

കർഷക പെൻഷൻ അനർഹമായി കൈപറ്റിയതിന്റെ വിവരം താഴെ പറയുന്നു.

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | ഡെത്ത് രജിസ്ട്രേഷൻ നം &തീയതി | പെൻഷൻ തരം | പെൻഷൻ നൽകുന്ന സ്ഥാപനം | മരണ ശേഷം പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | മധു ആലക്കണ്ടി | 217657527693 | 2220232156 | 5.12.2022 | 268/26.12.22 | കർഷക പെൻഷൻ | | 1/23 To 6/23 |
| 2 | നാരായണൻ നമ്പ്യാർ പി എം | 948615514832 | 2220231829 | 28.12.2022 | 6/23 Dt 13.1.23 | കർഷക പെൻഷൻ | | 1/23 To6/23- |
| 3 | പി.പി. ഗോവിന്ദൻ നമ്പ്യാർ | 779151654420 | 2220231977 | 12.01.23 | 28/23 Dt1.3.23 | കർഷക പെൻഷൻ | | 2/23, 3/23, 5/23, 6/23 (4/23 ഇല്ല) |
| 4 | ചെമ്പിലാലി അസൈനാർ | 955598994092 | 2220244520 | 13.2.23 | 41/23 Dt 3.3.23 | കർഷക പെൻഷൻ | മാലൂർ ഗ്രാമ പഞ്ചായത്ത് | 3/23 To To6/23- |
| 5 | ചാത്തു നായർ പി.കെ | 710610926860 | 2220232165 | 5.2.23 | 46/23 Dt 13.3.23 | കർഷക പെൻഷൻ | | 3/23 To To 6/23 |

അനർഹമായി കൈപ്പറ്റുന്ന പെൻഷൻ തിരികെ ഈടാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ്/ഓഫീസിനെ അറിയിക്കേണ്ടതാണ്

## 1-8 ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-01-2024 തീയതിയിൽ 2.30 P.M.-ന് നഗരസഭ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് തുക 78052 /- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള ജീവനക്കാരുടെ യോഗം തൻവർഷം ചേർന്നിട്ടില്ല. ഓഫീസ് ഉത്തരവ് രജിസ്റ്റർ, ഇൻകുമ്പൻസി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല .
നഗരസഭാ പരിധിയിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. സിനിമാ തിയേറ്ററുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. വസ്തു നികുതിയിനത്തിലുള്ള കുടിശ്ശിക ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നികുതികളുടേയും ഫീസുകളുടേയും നികുതി പിരിവ് പുരോഗതി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അവലോകനം ചെയ്യുന്നില്ല. ഇവ ഈടാക്കുന്നതിനായി ജീവനക്കാർക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകുകയോ മറ്റ് നിർദ്ദേശങ്ങളോ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി/മേലധികാരികൾ നൽകിയിട്ടില്ല. കടമുറികൾ വാടകയ്ക്കെടുത്ത വാടകക്കാരുമായി നഗരസഭ കരാർ വെയ്ക്കുന്നില്ല.

സ്ഥാപനത്തിന്റെ ഇ പെയ്മെന്റ് അക്കൗണ്ടിൽ 71.52 ലക്ഷം രൂപ നീക്കിയിരിപ്പുണ്ട്. ഇത് കൃത്യമായ ഇടവേളകളിൽ സേവിംഗ്സ് അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല. അതിനാൽ പലിശയിനത്തിൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കേണ്ട തുക സംബന്ധിച്ച് കൃത്യമായ കണക്ക് നഗരസഭ യിൽ ഇല്ല.

വിവിധ ഗ്രാന്റുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള ഗ്രാന്റ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, തനത് വരവിനങ്ങളുടെ കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ, മുതലായവ സൂക്ഷിക്കുന്നില്ല.
മുൻ വർഷങ്ങളിൽ ഉൾപ്പെടെയുള്ള വാർഷിക കണക്കിലെ അപാകങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്തിയതായി കാണുന്നില്ല. ഡെത്ത് രജിസ്ട്രേഷൻ സമയത്ത് പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിക്കാത്തതിനാൽ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെടുന്നുണ്ട് . സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 വാർഡ് സഭ

മട്ടന്നൂർ നഗരസഭയിൽ 2022-23 വർഷം രണ്ട് തവണ (11/22 &1/23) മാത്രമാണ് വാർഡ്സഭ ചേർന്നിട്ടുള്ളത്.
2022-23 വർഷത്തെ പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് അംഗീകരിക്കൽ തുടങ്ങിയവയാണ് 11/22ലെ വാർഡ് സഭയുടെ അജണ്ട. 1/23ലെ വാർഡ് സഭയിൽ 2022-23 വർഷത്തെ പദ്ധതി രൂപീകരണ കരട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 42എ(3) പ്രകാരം വർഷത്തിൽ കുറഞ്ഞപക്ഷം 3 മാസത്തിലൊരിക്കൽ വാർഡ്സഭ ചേരണമെന്ന നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. വാർഡ് സഭകളിൽ ജനപ്രാതിനിധ്യം നിശ്ചിത ക്വാറം തികഞ്ഞിട്ടുണ്ട്.

വാർഡ് സഭകൾ മൂന്ന് മാസത്തിലൊരിക്കൽ താഴെപ്പറയും പ്രകാരം യോഗം ചേരേണ്ടതാണ്.

1) ഒന്നാമത്തെ വാർഡ് സഭ – മുൻവർഷത്തെ വികസന പ്രവർത്തനങ്ങളുടെ അവലോകനവും, നടപ്പ് വർഷത്തെ വാർഷിക പദ്ധതി നിർദ്ദേശങ്ങളും.

2) രണ്ടാമത്തെ വാർഡ് സഭ – അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ ചർച്ചയും ഗുണഭോക്തൃ തെരഞ്ഞെടുപ്പും.

3) മൂന്നാമത്തെ വാർഡ് സഭ – വാർഷികപദ്ധതി നിർവഹണവും, നഗരസഭയിലെ സ്ഥാപനങ്ങളുടെ പ്രവർത്തനവും.

4)നാലാമത്തെ വാർഡ് സഭ – പദ്ധതി പുരോഗതി മോണിറ്ററിംഗും സോഷ്യൽഓഡിറ്റും.

## 1-11 വസ്തു നികുതി പിരിവ് -ക്രമാതീതമായ കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു

സ്ഥാപനത്തിന്റെ തൻ വർഷ വാർഷിക ധനകാര്യ പത്രിക, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂൾ പ്രകാരം തൻ വർഷ വസ്തു നികുതി കുടിശ്ശികയിനത്തിൽ ₹56,02,123-യും, മുൻവർഷങ്ങളിലെ കുടിശ്ശികയിനത്തിൽ ₹77,01,174.60 യും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. പ്രസ്തുത കുടിശ്ശികകൾ ഈടാക്കാൻ കൈക്കൊണ്ട നടപടികൾ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.62/17-01-2024) ന് വസ്തു നികുതി കുടിശ്ശികയിനത്തിൽ അവശേഷിക്കുന്ന തുക പിരിച്ചെടുക്കുന്നതിന് ഡിമാൻഡ് നോട്ടീസ് നൽകുകയും ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കലക്ഷൻ കുറവ് – നഗരസഭയ്ക്ക് ലഭ്യമാകേണ്ടിയിരുന്ന ഫണ്ട് നഷ്ടമായി

18.10.2022-ലെ സ.ഉ.(കൈ)179/2022/ധന ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഡിമാൻഡ് ചെയ്യപ്പെടുന്നതിന്റെ 90

ശതമാനം എങ്കിലും ശേഖരിക്കാത്ത തദ്ദേശ സ്വയം ഭരണസ്ഥാപനം എന്ന നിലവിൽ നഗരസഭയ്ക്ക് അനുവദിച്ച പൊതുവിഭാഗം വികസനഫണ്ട് മൂന്നാം ഗഡുവിൽ നിന്ന് ഒരു ശതമാനം വരുന്ന തുക ശിക്ഷ എന്ന നിലവിൽ കുറവ് ചെയ്തിട്ടുണ്ട് (479340 രൂപ). റവന്യ കലക്ഷൻ കാര്യക്ഷമമാക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 245-ാംവകുപ്പ്, 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നഗരസഭയിൽ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട സൂക്ഷിക്കുന്ന രജിസ്റ്ററുകൾ, ഫയലുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I)നഗരസഭയുടെ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-15 ഷെഡ്യൂൾ പ്രകാരം PROFESSION TAX-INSTITUTION/TRADERS/PROFESSIONALS ഇനത്തിൽ ആകെ 7,95,387/- രൂപ(5,14,258+2,81,129) കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/5-01-2024) കുടിശ്ശിക ഈടാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി കുടിശ്ശിക പിഴ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

II) 2005-ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ, മോട്ടോർ വാഹന ഉടമകൾ തുടങ്ങി വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരിൽ നിന്നും 1250 രൂപ അർദ്ധ വാർഷിക നികുതി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നവർക്ക് തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/5-01-2024) പ്രസ്തുത ചട്ടത്തിൽ പ്രതിപാദിക്കുന്ന സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ, മോട്ടോർ വാഹന ഉടമകൾ എന്നീ വിഭാഗക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി വരുന്നുണ്ടെന്നും അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ ഡിമാൻഡ് നോട്ടീസ് നൽകിയിട്ടും നാളിതുവരെ തുക ഒടുക്കിയിട്ടില്ലായെന്നും മറുപടി നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി DCB സ്റ്റേറ്റ്മെന്റ് പ്രകാരം നഗര സഭ പരിധിയിലെ 13 അഭിഭാഷകരിൽ നിന്നുമായി ₹32500 ഈടാക്കാനവശേഷിക്കുന്നുണ്ട്. പ്രസ്തുത ജീവനക്കാരുടെ നികുതി കുടിശ്ശിക പിഴ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ചട്ട പ്രകാരം നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവർക്ക് ഡിമാൻഡ് നൽകി തുക ഈടാക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

III)2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ, ചട്ടം 3.2.10 പ്രകാരം നഗരസഭാ പരിധിയിൽ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23 സാമ്പത്തികവർഷം നഗരസഭാ പരിധിയിൽ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരുടെ വിശദാംശങ്ങൾ അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/5-01-2024) നഗരസഭ പരിധിയിൽ പൊതു മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന/നഗരസഭ രജിസ്റ്റർ ചെയ്തിട്ടുള്ള 23 കരാറുകാർക്ക് തൊഴിൽ നികുതി അടവാക്കുവാൻ ഡിമാൻഡ് നോട്ടീസ് (ഡിമാൻഡ് തുക - ₹57500) നൽകിയതിനെത്തുടർന്ന് 3 പേർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്നും (കളക്ഷൻ - ₹6250) മറ്റുള്ളവരിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിന് (ബാലൻസ് – ₹51250) നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. നികുതി കുടിശ്ശിക പിഴ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ചട്ട പ്രകാരം നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവർക്ക് ഡിമാൻഡ് നോട്ടീസ് നൽകി തുക ഈടാക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്. തൊഴിൽ നികുതി അടവാക്കാത്ത കരാറുകാരിൽ നിന്നും ആയത് ഈടാക്കാൻ അവരുടെ വർക്ക് ബിൽ പേയ്മെന്റ് ഘട്ടത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

IV)നഗര സഭയിലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചുവടെ പറയുന്ന സ്ഥാപനങ്ങളുടെ 2022-23 സാമ്പത്തികവർഷത്തെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല.

1.നാഷണൽ ഇൻഷുറൻസ് കമ്പനി, മട്ടന്നൂർ

2.ന്യൂ ഇന്ത്യ ഇൻഷുറൻസ് കമ്പനി, മട്ടന്നൂർ

3.അൽ ഐസർ പ്രൈവറ്റ് കോളേജ് , മട്ടന്നൂർ

4.ഗുരുകുലം കമ്പ്യൂട്ടർ എഡ്യൂക്കേഷൻ മട്ടന്നൂർ

5.കൈരളി അക്കാദമി മട്ടന്നൂർ

6.ബ്രൈറ്റർ മെഡിക്കൽ എൻജിനീയറിങ് കോച്ചിങ് സെന്റർ മട്ടന്നൂർ

മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന/ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.

12/8-01-2024) പ്രസ്തുത സ്ഥാപനങ്ങൾക്ക് നികുതി ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെ തുക അടവാക്കിയിട്ടില്ലായെന്നും, കുടിശ്ശിക അടവാക്കുന്നതിനായി നോട്ടീസ് നൽകുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി DCB സ്റ്റേറ്റ്മെന്റ് പ്രകാരം സ്ഥാപന തൊഴിൽ നികുതി ഇനത്തിലെ ഡിമാൻഡ് - ₹207500, കളക്ഷൻ - ₹185000, ബാലൻസ് - ₹22500 എന്നിങ്ങനെയാണ്. നികുതി കുടിശ്ശിക പിഴ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

V)സിനിമ ടിക്കറ്റ് ബുക്ക് ചെയ്യുന്നതിനുള്ള സ്വകാര്യ ആപ്പ് ആയ ബുക്ക് "മൈ ഷോ", നഗരസഭയിൽ സൂക്ഷിച്ചിരിക്കുന്ന വിനോദ നികുതി രജിസ്റ്റർ എന്നിവ പ്രകാരം മട്ടന്നൂർ നഗരസഭ പരിധിയിൽ രണ്ട് സിനിമ തിയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ മാജിക് ഫ്രെയിംസ് സാഹിന സിനിമാസ്, മട്ടന്നൂർ എന്ന സ്ഥാപനം 2022-23 സാമ്പത്തിക വർഷത്തിലെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ അടവാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/8-01-2024) തുക ഒടുക്കുന്നതിനായി ടി സ്ഥാപനത്തിന് നോട്ടീസ് നല്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി കുടിശ്ശിക പിഴ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

VI)

| ക്രമ നമ്പർ | പേര്/ തസ്തിക | സ്ഥാപനം | അർദ്ധ വർഷം | ആകെ അർദ്ധ വാർഷിക വരുമാനം (സ്ഥാപനം സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ പ്രകാരം ) (₹) | ഈടാക്കിയ തൊഴിൽ നികുതി(₹)/ രസീത് നം | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി (₹) | ഈടാക്കിയതിൽ കുറവ് വന്ന തുക (₹) |
|---|---|---|---|---|---|---|---|
| 1 | സിജേഷ്.എൻ രേഖപ്പെടുത്തിയിട്ടില്ല | കോളാരി സർവീസ് സഹകരണ ബാങ്ക്, മട്ടന്നൂർ ശാഖ | 2022-23 ഒന്നാം അർദ്ധ വർഷം | 1,44,495 | 1000 (103749/ 26-09-2022) | 1250 | 250 |
| 2 | വിജിൽ വിജയ്.വി.പി ഫർമസിസ്റ് | യു.പി.എച്ച്.സി പൊറോറ | 2022-23 ഒന്നാം അർദ്ധ വർഷം | 1,02,000 | 750 (104411/ 25-10-2022) | 1000 | 250 |
| 3 | നീതു കൃഷ്ണൻ.എ സ്റ്റാഫ് നേഴ്സ് | യു.പി.എച്ച്.സി പൊറോറ | 2022-23 ഒന്നാം അർദ്ധ വർഷം | 1,02,000 | 750 (104411/ 25-10-2022) | 1000 | 250 |
| 4 | ശ്രീക്കുട്ടി.കെ എം.എൽ.എസ്.പി | യു.പി.എച്ച്.സി പൊറോറ | 2022-23 ഒന്നാം അർദ്ധ വർഷം | 1,02,000 | 750 (104411/ 25-10-2022) | 1000 | 250 |
| 5 | ഷൈല.കെ.പി ജെ.പി.എച്ച്.എൻ | യു.പി.എച്ച്.സി പൊറോറ | 2022-23 ഒന്നാം അർദ്ധ വർഷം | 1,02,000 | 750 (104411/ 25-10-2022) | 1000 | 250 |
| | | | | | | ആകെ | 1250 |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ കാരണം വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം1/5-01-2024) തൊഴിൽ നികുതി ഒടുക്കിയതിൽ കുറവ് വന്ന തുക ഈടാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

VII)മട്ടന്നൂർ പോലീസ് സ്റ്റേഷനിലെ പി.ടി.എസ് ആയ കൃഷ്ണൻ.കെ എന്നവരുടെ 2022-23 സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധ വാർഷിക തൊഴിൽ നികുതിയായി ₹500 ആണ് അടവാക്കിയിട്ടുള്ളത് (രസീത് നം.103028/17-08-2022) (തൊഴിൽ നികുതി റിട്ടേണിൽ അർദ്ധ വാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല) 2005 ലെ കേരള മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ, ചട്ടം 3.1 പ്രകാരം അർദ്ധ വാർഷിക തൊഴിൽ നികുതി നിരക്ക് 120,180,300,450,600,750,1000,1250 എന്നിങ്ങനെയായിരിക്കെ പ്രസ്തുത വ്യക്തിയിൽ നിന്നും വ്യത്യസ്ത നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ കാരണം വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം1/5-01-2024) തൊഴിൽ നികുതി ഒടുക്കിയതിൽ കുറവ് വന്ന തുക ഈടാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത വ്യക്തിയുടെ 2022-23 അർദ്ധ വർഷത്തെ തൊഴിൽ നികുതി ചട്ട പ്രകാരം ഈടാക്കിയിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ പ്രസ്തുത തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

VIII)

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സ്ഥാപനം | ഒന്നാം അർദ്ധ വാർഷിക വരുമാനം (സ്ഥാപനം സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ പ്രകാരം) ₹ | രണ്ടാം അർദ്ധ വാർഷിക വരുമാനം (സ്ഥാപനം സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ പ്രകാരം) |
|---|---|---|---|---|
| 1 | സുരേഷ് ജോർജ് | കാനറാ ബാങ്ക്, മട്ടന്നൂർ | 547944 | രേഖപ്പെടു ത്തിയിട്ടില്ല |
| 2 | ശ്രീകുമാർ.പി | കാനറാ ബാങ്ക്, മട്ടന്നൂർ | 529692 | രേഖപ്പെടു ത്തിയിട്ടില്ല |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ജീവനക്കാരുടെ തൊഴിൽനികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം രേഖകൾ സഹിതം(നികുതി ഒഴിവാക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് ഉൾപ്പെടെ) വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം12/8-01-2024) പ്രസ്തുത ജീവനക്കാർ വിമുക്തഭടൻ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന ആളുകളായതിനാലാണ് നികുതി അടവാക്കാതിരുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. എക്സ് മിലിറ്ററി വിഭാഗത്തിൽ ഉൾപ്പെടുന്ന ആളുകൾക്ക് തൊഴിൽ നികുതി അടവാക്കുന്നതിൽ ഇളവ് അനുവദിക്കുന്നതിനാധാരമായ ഉത്തരവ് ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം പ്രസ്തുത ജീവനക്കാരുടെ തൊഴിൽ നികുതി പിഴ സഹിതം ഈടാക്കുകയും ചെയ്യേണ്ടതാണ്. അപാകങ്ങൾ പരിഹരിക്കേണ്ടതും തുടർനടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ആയതിലേയ്ക്ക് നഗരസഭ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 FTE&OS ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ

നഗരസഭയിൽ സൂക്ഷിച്ചിരിക്കുന്ന ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ട ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയതായോ, ഒമിഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയതായോ കാണുന്നില്ല (നഗരസഭയിലെ ലൈസൻസ് വരവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം). വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വാർഡ്, കെട്ടിട നം. | ലൈസൻസിയുടെ പേര് | സ്ഥാപനം | ഡിമാന്റ് ചെയ്ത ലൈസൻസ് ഫീ (രജിസ്റ്റർ പ്രകാരം) |
|---|---|---|---|---|
| 1 | 25/263B | ബി.സദാനന്ദൻ | ഗ്രോസറി/വെജിറ്റബിൾസ് | 1000 |

| | | | | |
|---|---|---|---|---|
| 2 | 27/373 | കെ.രാജീവൻ | ഗ്രോസറി | രേഖപ്പെടു ത്തിയിട്ടില്ല |
| 3 | 7/402 | അബ്ദുൾ നിസ്സാർ.സി | റെഡി മെയ്ഡ് ഷോപ്പ് | 500 |
| 4 | 7/564 | ഭാസ്കരൻ.പി | ആയുർവ്വേദ മെഡിസിൻ സെയിൽ | 1000 |
| 5 | 8/189A | ഷിഹാബുദീൻ .പി.കെ | ബിസ്കറ്റ് കാൻഡി ചോക്ലേറ്റ് സെയിൽ | 1000 |
| 6 | 8/209 | പുതിയേടത്ത് ലീല | ഗ്രോസറി | രേഖപ്പെടു ത്തിയിട്ടില്ല |
| 7 | 9/135 | കെ.വി. പരമേശ്വരൻ | കാറ്ററിംഗ് | 1000 |
| 8 | 9/291T | ഉബൈദുല്ല .പി.ആർ | ട്രാവൽ ഏജൻസി | 1000 |
| 9 | 12/258 | ഷാജി.പി | ഗ്രോസറി | രേഖപ്പെടു ത്തിയിട്ടില്ല |
| 10 | 12/260 | കാടൻ ഇബ്രാഹിം കുട്ടി | ഗ്രോസറി | രേഖപ്പെടു ത്തിയിട്ടില്ല |
| 11 | 29/239 | സുഹൈൽ.പി.പി | റെസ്റ്റോറന്റ് | 5000 |
| 12 | 29/698K | അർഷാദ്.പി.എ | റെഡി മെയ്ഡ് ഷോപ്പ് | 1000 |
| 13 | 29/856 | പി.ആർ.നിസാർ | ടൂർ&ട്രാവൽ | 1000 |
| 14 | 29/1041 | വി.എം.മമ്മു ഹാജി | ചിക്കൻ സ്റ്റാൾ | 1000 |
| 15 | 20/1058 | എം.കാസിം | വെജിറ്റബിൾ റീറ്റെയ്ൽ& ഹോൾ സെയിൽ | 1000 |

മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനും, ലൈസൻസ് എടുത്തിട്ടില്ലായെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശം അറിയിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/7-01-2024) പട്ടികയിൽ പറഞ്ഞിരിക്കുന്നതും നിലവിൽ പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ലൈസൻസ് എടുപ്പിക്കുന്നതിനും, പ്രവർത്തനം നിർത്തിയ സ്ഥാപനങ്ങളെ ഒമിഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 447, 448, 449 വകുപ്പുകൾ പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുസരിച്ച് സാമ്പത്തിക വർഷത്തിനു തൊട്ടു മുൻപ് തന്നെ വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് എടുത്തുവെന്ന് നഗരസഭ ഉറപ്പ് വരുത്തേണ്ടതും അല്ലാത്തവയ്ക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**വളർത്തുനായ ലൈസൻസ്**

കേരളാ മുനിസിപ്പാലിറ്റി ആക്ട് 437-ാം വകുപ്പ് പ്രകാരം മുനിസിപ്പൽ പരിധിയിലുള്ള യാതൊരാളും സെക്രട്ടറിയിൽ നിന്നു ലഭിച്ച ലൈസൻസ് കൂടാതെയും പേപ്പട്ടി വിഷത്തിനെതിരെ തന്റെ പട്ടിയെ കുത്തിവയ്പിക്കാതെയും എതെങ്കിലും പട്ടിയെ വളർത്താൻ പാടുള്ളതല്ല. 2022-23 സാമ്പത്തിക വർഷം ഒരാൾക്ക് ₹200 വീതം മൊത്തം ₹18,800 ലൈസൻസ് ഫീസിനത്തിൽ നഗരസഭയിലേക്ക് വരവ് വന്നിട്ടുണ്ട് എന്നാൽ,വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നം.70/23 പേവിഷ നിയന്ത്രണത്തിനായി 585 പട്ടികൾക്ക് പ്രതിരോധകുത്തിവെപ്പ് നടത്തിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പ് മുഖേന വാക്സിനേഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നുണ്ട്. വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭിച്ച പട്ടികൾക്ക് നഗരസഭ ലൈസൻസ് നൽകേണ്ടതാണ്. എന്നാൽ ലൈസൻസ് നേടാതെ നിരവധി പേർ നഗരസഭാ പരിധിയിൽ നായ്ക്കളെ വളർത്തുന്നുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭിച്ച എല്ലാ നായ്ക്കളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്
1.10.2022 ലെ ഭരണസമിതി തീരുമാനം 4 പ്രകാരം വളർത്തുനായകളുടേയും,തെരുവ് നായകളുടേയും സർവ്വെ

നടത്തുന്നതിന് വീട് ഒന്നിന് 10രൂപ കുടുബശ്രീ/ഹരിതകർമ്മസേനാംഗങ്ങൾക്ക് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രകാരം 1067 വീടുകളിൽ സർവ്വേ നടത്തുകയും തെരുവ് നായ ശല്യം രൂക്ഷമായ 97 ഹോട്ട് സ്പോട്ടുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് മുഖേന നടത്തുന്ന എ ബി സി പദ്ധതിക്കായി ഈ വർഷം തുക നീക്കിവെച്ചെങ്കിലും തുക നൽകിയിട്ടില്ല. അടുത്ത വർഷം തുക നൽകിയിട്ടുണ്ടെന്നാണ് എക്സിറ്റ് മീറ്റിംഗിൽ വിശദീകരിച്ചത്. ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 സിനിമാ തിയേറ്റർ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

സർക്കാർ ഉത്തരവ് (പി)നമ്പർ 62/20 ത.സ്വ.ഭ.വ തീയതി 30-10-2020 പ്രകാരം ഭേദഗതി വരുത്തിയ 2011 ലെ കേരള മുൻസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക II ലെ ക്രമനമ്പർ 380 പ്രകാരം സിനിമാ തിയേറ്ററുകൾ പ്രവർത്തിപ്പിക്കുന്നതിന് മുൻസിപ്പൽ പ്രദേശത്തെ ഒരു സ്ഥലം ഏതെങ്കിലും ആൾ ഉപയോഗപ്പെടുത്തുന്നത് മുൻസിപാലിറ്റിക്ക് 447-ആം വകുപ്പിലും ഈ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ലൈസൻസ് മൂലം നിയന്ത്രിക്കാവുന്നതാണെന്ന് പ്രസ്തുത ചട്ടങ്ങളിലെ 3(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്. സിനിമ ടിക്കറ്റ് ബുക്ക് ചെയ്യുന്നതിനുള്ള സ്വകാര്യ ആപ്പ് ആയ ബുക്ക് "മൈ ഷോ", നഗര സഭയിലെ വിനോദ നികുതി രജിസ്റ്റർ എന്നിവ പ്രകാരം മട്ടന്നൂർ നഗരസഭ പരിധിയിൽ രണ്ട് സിനിമ തിയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട് (1.ഓറ സിനിമാസ്, മട്ടന്നൂർ 2.മാജിക് ഫ്രെയിംസ് സാഹിന സിനിമാസ്, മട്ടന്നൂർ). ആയതിൽ മാജിക് ഫ്രെയിംസ് സാഹിന സിനിമാസ്, മട്ടന്നൂർ എന്ന സ്ഥാപനത്തിനോട് FTE&OS ലൈസൻസ് ഫീസ് ഡിമാൻഡ് ചെയ്യുകയോ സ്ഥാപനം FTE&OS ലൈസൻസ് എടുക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/8-01-2024) ലൈസൻസ് ഫീസ് ഒടുക്കുന്നതിനായി സ്ഥാപനത്തിന് നോട്ടീസ് നൽകുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഈ മറുപടി തീരെ തൃപ്തികരമല്ല. ഗുരുതരമായ ഈ വിഷയം വളരെ ലാഘവത്തോടെയാണ് മുനിസിപ്പാലിറ്റി കൈകാര്യം ചെയ്തു വരുന്നത് എന്ന ഇതിൽ നിന്നും വ്യക്തമാണ്. ലൈസൻസ് ഫീസ് പിഴ സഹിതം(1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 570-ാം വകുപ്പ് പ്രകാരമുള്ള പിഴ) ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. നഗരസഭ കൗൺസിലിന്റെ സത്വരശ്രദ്ധ അടിയന്തിര നടപടികൾക്കായി ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-15 കെട്ടിട വാടക വരവ് പൊതു അപാകങ്ങൾ

1)നഗരസഭയിൽ വാടക ഡിമാൻഡ് രജിസ്റ്റർ/വാടക അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ വാടക വരവിന്റെ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതു മൂലം വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വാടകയിനത്തിലെ ഡിമാൻഡ് ,വരവ്, വാടക കുടിശ്ശിക എന്നിവയുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല.

2 )സ്ഥാപനത്തിന്റെ തൻ വർഷ വാർഷിക ധനകാര്യ പത്രിക, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂൾ പ്രകാരം റെന്റ് ഫ്രം അദർ സിവിക് അമനിറ്റീസിന്റെ തൻ വർഷ കുടിശ്ശികയിനത്തിൽ ₹33,53,709 യും,മുൻവർഷങ്ങളിലെ കുടിശ്ശികയിനത്തിൽ ₹1,27,57,471 യും,ലീസ് റെന്റൽ മുൻവർഷങ്ങളിലെ കുടിശ്ശികയിനത്തിൽ ₹28,95,022 യും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. പ്രസ്തുത കുടിശ്ശികകൾ ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/8-01-2024) കുടിശ്ശിക അടവാക്കാനുള്ളവർക്ക് നോട്ടീസ് നല്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. കെട്ടിട വാടക കുടിശ്ശിക പിഴ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)മട്ടന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള 184 വാടക കടമുറികളിൽ 8 മുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു (കെട്ടിട നമ്പർ 29/1158 B8,B13,A8,A10,A13,A14,B15,B20). പ്രസ്തുത കടമുറികൾ വാടകയ്ക്ക് നല്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.44/26-04-2023) ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ വാടകയ്ക്ക് നൽകുന്നതിനായി 3 തവണ ലേല നടപടികൾ കൈകൊണ്ടിരുന്നെങ്കിലും ആരും തന്നെ ലേലത്തിൽ പങ്കെടുത്തിട്ടില്ലായെന്നും തുടർന്നും ആവശ്യക്കാരില്ലെങ്കിൽ നെഗോസിയേഷൻ നടത്തി കൗൺസിലിന്റെ അംഗീകാരത്തോടുകൂടി ലൈസെൻസികൾക്ക് അനുവദിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വാടകക്കാരില്ലാതെ ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

4) 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215, ഉപവകുപ്പ് 2 (എ) പ്രകാരം ഒരു മുനിസിപ്പാലിറ്റിയ്ക്ക് വ്യാപാരത്തിനോ, അല്ലാതെയോ ആയി കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും, അവ ആവശ്യമുള്ള പൊതുജനങ്ങൾക്ക് ലൈസൻസിന്മേൽ വാടകയ്ക്ക് കൊടുക്കാവുന്നതുമാണ്. ഉപവകുപ്പ് 3 പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത ഇടം ഉപയോഗിക്കുന്നതിനും, കൈവശം വയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അതു കൊടുക്കേണ്ട സമയവും ഉൾപ്പെടുന്ന കരാർ ഉചിതമായ മൂല്യത്തിലുള്ള മുദ്രപത്രത്തിൽ എഴുതിയുണ്ടാക്കിയിരിക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ കടമുറികൾ വാടകയ്ക്കെടുത്ത എല്ലാ വാടകക്കാരുമായും കരാർ വച്ചതിന്റെ രേഖകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. നിശ്ചിത മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ വയ്ക്കാത്തതുമൂലം

സംസ്ഥാന സർക്കാരിനും വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. കൃത്യമായ കരാർ ഉടമ്പടികൾ ഇല്ലാതെ കടമുറികൾ വാടകയ്ക്ക് നൽകുന്നത് ശരിയായ നടപടിയല്ല. കരാറിൽ ഏർപ്പെടാത്തതിനാൽ വാടകക്കുടിശ്ശിക വരുത്തുന്നവർക്കെതിരേ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭയ്ക്ക് സാധിക്കുകയില്ല. കരാർ വെയ്ക്കുന്നതിനായി എല്ലാവർക്കും അറിയിപ്പ് നൽകേണ്ടതും അടുത്ത സാമ്പത്തിക വർഷം മുതൽ എല്ലാ വാടകക്കാരുമായും നിയമാനുസൃതമായി കരാറിൽ ഏർപ്പെടേണ്ടതും കരാർ സംബന്ധിച്ച രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

## 1-16 കല്ലൂർ വ്യവസായ എസ്റ്റേറ്റിൽ പ്ലോട്ടുകൾ അനുവദിച്ച വ്യവസായ സംരംഭകരിൽ നിന്നും ₹512629 വാടക ഈടാക്കിയിട്ടില്ല

മട്ടന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കല്ലൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ (കൊളാരി വില്ലേജിലെ 47/1സി, 47/2, 47/3 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട മൂന്നര ഏക്കർ ഭൂമി) വ്യവസായ സംരംഭം തുടങ്ങുന്നതിനായി മുൻ വർഷങ്ങളിൽ പ്ലോട്ടുകൾ അനുവദിക്കപ്പെട്ട ചുവടെ പറയുന്ന വ്യക്തികൾ 2022-23 സാമ്പത്തിക വർഷം പ്രതിമാസ ലൈസൻസ് ഫീസ് ഇനത്തിൽ വരുത്തിയ കുടിശ്ശികയുടെ വിവരം താഴെ ചേർക്കുന്നു (രജിസ്റ്റർ പ്രകാരം).

| ക്രമ നമ്പർ | ലേലം കൊണ്ട വ്യക്തി | ലേലതുക/ മാസവാടക (₹) | ഒടുക്കിയ തുക (₹) | ബാക്കി (₹) |
|---|---|---|---|---|
| 1 | മാനേജിംഗ് ഡയറക്ടർ, TTA മാർക്കറ്റിംഗ് (പ്ലോട്ട് നം.J, 50സെന്റ് ) | 5000 | - | 60,000 (2022 ഏപ്രിൽ മുതൽ മാർച്ച് 2023വരെ) |
| 2 | ആയിപ്പുഴ പ്രദീപ് (പ്ലോട്ട് നം.H&I, 28സെന്റ് ) | 5227 | 5227*2 | 52270 |
| 3 | ടി.പി.മഹേഷ് കുമാർ (പ്ലോട്ട് നം.M, 11സെന്റ് ) | 2109 | 2109*8 | 8436 |
| 4 | ആയിപ്പുഴ പ്രദീപ് (പ്ലോട്ട് നം.G, 14സെന്റ് ) | 2333 | - | 27996 (ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ) |
| 5 | ഷബേഷ് (പ്ലോട്ട് നം.D, 12സെന്റ് ) | 3010 | - | 36120 (ഏപ്രിൽ 2022 മുതൽമാർച്ച് 2023 വരെ) |
| 6 | ലഷിജ ഉണ്ണികൃഷ്ണൻ (പ്ലോട്ട് നം.F, 13സെന്റ് ) | 3261 | - | 39132 (ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ) |
| 7 | പ്രനീഷ് കുമാർ. കെ. കെ (പ്ലോട്ട് നം.Q, 10സെന്റ് ) | 2508 | - | 30096 (ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ) |
| 8 | അനീഫ. കെ (പ്ലോട്ട് നം.C, 15സെന്റ് ) | 3763 | - | 45156 (ഏപ്രിൽ 2022 |

| | | | | |
|---|---|---|---|---|
| | | | | മുതൽ മാർച്ച് 2023 വരെ) |
| 9 | സുമയ്യ. സി. കെ (പ്ലോട്ട് നം.R, 12 1/4സെന്റ് ) | 3073 | - | 36876 (ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ) |
| 10 | പി. സുരേഷ് ബാബു (പ്ലോട്ട് നം.P, 50സെന്റ് ) | 2250 | - | 27000 (ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ) |
| 11 | രാജേഷ് തോട്ടത്താൻ (പ്ലോട്ട് നം.B, 17സെന്റ് ) | 4477 | 4477*9 | 13431 |
| 12 | സുബിൻ ചന്ദ്രൻ (പ്ലോട്ട് നം.K, 13 1/2സെന്റ് ) | 3010 | - | 36120 (ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ) |
| 13 | ജിജേഷ്. വി. കെ (പ്ലോട്ട് നം.T, 50സെന്റ് ) | 8333 | | 99996 (ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ) |
| | | | ആകെ | 512629 |

പ്രസ്തുത വ്യക്തികൾ നഗരസഭയുമായി കരാറിലേർപ്പെട്ടതിന്റെ വിശദാംശം, ഇവരിൽ നിന്നും 2022-23 സാമ്പത്തിക വർഷം പ്രതിമാസ ലൈസൻസ് ഫീസ് ഈടാക്കാതിരുന്നതിന്റെ കാരണം, ഫീസ് കുടിശ്ശിക (മുൻ വർഷങ്ങളിലേതുൾപ്പെടെ) ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.40/12-01-2024) മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ക്രമ നമ്പർ 2,6,7,8,9,10 എന്നിവർ സ്ഥലം ഏറ്റെടുത്ത് എങ്കിലും ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്ക് 8 മീറ്റർ വീതിയിൽ റോഡ് സൗകര്യം ഇല്ലാത്തതിനാലും, വ്യവസായ വകുപ്പിന്റെ അംഗീകാരം ലഭ്യമാകാത്തതിനാലും സംരംഭങ്ങൾ ആരംഭിച്ചിട്ടില്ലാ എന്നും ഇക്കാരണത്താൽ പ്രസ്തുത വ്യക്തികളുടെ വാടക കുടിശ്ശിക+GST+ഫൈൻ ഒഴിവാക്കി നൽകുന്നതിനായി സർക്കാരിലേക്ക് കത്ത് (നം. 728/01, തീ. 16.12.2023, ആയത് ഓഡിറ്റിൽ പരിശോധിച്ച് ബോധ്യപ്പെട്ടു) നല്കിയിട്ടുള്ളതായും മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന മറ്റ് വ്യക്തികളുടെ കുടിശ്ശിക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. കല്ലൂർ വ്യവസായ എസ്റ്റേറ്റിന് കേരള സംസ്ഥാന വ്യവസായ വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ടുകൾ ലേലം കൊണ്ട വ്യക്തികൾ നഗരസഭയുമായി കരാറിലേർപ്പെട്ടതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. വാടക കുടിശ്ശിക വരുത്തിയവരിൽ നിന്നും

തുക പിഴ സഹിതം ഈടാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 വിനോദ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ

I)തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 31.08.2019ലെ സ.ഉ(കൈ) നം.112/2019/ത സ്വ ഭ വ പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. സിനിമ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ല. പകരം ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി തൊട്ടടുത്ത മാസം 3-ാം തിയ്യതിക്കുള്ളിൽ പിരിച്ച നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. എന്നാൽ മട്ടന്നൂർ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സാഹിന സിനിമാസ് ഓരോ മാസത്തേയും വിനോദ നികുതി നിശ്ചിത സമയപരിധിക്കുള്ളിൽ ഒടുക്കുന്നതായി കാണുന്നില്ല. 2022 ഏപ്രിൽ മാസം മുതൽ 2023 സെപ്റ്റംബർ മാസം വരെയുള്ള നികുതി (₹972293.95) 2023-24 സാമ്പത്തിക വർഷത്തിൽ ആണ് അടവാക്കിയിട്ടുള്ളത്.(നികുതി അടവാക്കിയതിന്റെ രസീതി, നികുതി ഒടുക്കുന്നതിൽ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയതിന്റെ വിശദാംശം എന്നിവ ഫയലിൽ ലഭ്യമല്ല). വിനോദ നികുതി അടവാക്കിയതിന്റെ വിശദ വിവരം,നികുതി വൈകി അടവാക്കിയതിന് പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/9-01-2024) പ്രസ്തുത സിനിമ തീയേറ്റർ 2022-23 സാമ്പത്തിക വർഷത്തിലെ വിനോദ നികുതി ഇനത്തിൽ ₹622589 അടവാക്കിയിട്ടുണ്ടെന്ന് മാത്രമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി വിനോദനികുതിയിനത്തിൽ പിരിച്ച തുക തൊട്ടടുത്ത മാസം മൂന്നാം തിയതിക്കകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നിരിക്കെ നികുതി തുക വൈകി അടവാക്കിയതിനുള്ള പിഴപ്പലിശ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II) പരിശോധനയ്ക്കായി ലഭ്യമാക്കിയ വിനോദ നികുതി രജിസ്റ്റർ പ്രകാരം മട്ടന്നൂർ നഗര സഭ പരിധിയിൽ പ്രവർത്തിക്കുന്ന 2 തീയറ്ററുകളിൽ നിന്നായി 2022-23 സാമ്പത്തിക വർഷം വിനോദനികുതി ഇനത്തിൽ ആകെ ₹5,48,590 വരവ് ലഭിച്ചിട്ടുണ്ട് (ഔറ സിനിമാസ് 2022 ഏപ്രിൽ മുതൽ 2023 ഫെബ്രുവരി വരെ - ₹389180,സഹിനാ സിനിമാസ് - ₹159410,ഏതൊക്കെ മാസത്തിലേതെന്ന് വ്യക്തമല്ല). എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം വിനോദനികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവ ₹5,90,815 രൂപയാണ്.രജിസ്റ്റർ, വാർഷിക പത്രിക എന്നിവയിലെ അന്തരത്തിന് കാരണം വ്യക്തമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി (നം.22/9-01-2024) ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-18 ഉരുവച്ചാൽ വനിത ഹോസ്റ്റൽ - നഗരസഭ കൃത്യമായ മോണിറ്ററിംഗ് നടത്തേണ്ടതും ബൈലോയ്ക്ക് അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്.

I)മട്ടന്നൂർ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന വനിതകൾക്ക് താമസിക്കുന്നതിനായി ഉരുവച്ചാലിൽ 2017 നവംബറിൽ പ്രവർത്തനം ആരംഭിച്ച വനിത ഹോസ്റ്റൽ നടത്തിപ്പ് ചുമതല മട്ടന്നൂർ മുനിസിപ്പാലിറ്റി ഭരണ സമിതിയുടെ 13-06-2022 ലെ തീരുമാനം നം.24 പ്രകാരം തന്മയ കുടുംബശ്രീ യൂണിറ്റിന് പുതുക്കി നൽകിയിട്ടുണ്ട്.നിലവിൽ തന്മയ കുടുംബശ്രീ യൂണിറ്റിന് ഒരു താമസക്കാരിയിൽ നിന്നും പ്രതിമാസം 6000 രൂപയാണ് ഈടാക്കി വരുന്നതെങ്കിലും നഗരസഭയിൽ ഒരു കിടക്കയ്ക്ക് ₹50 + GST എന്ന നിരക്കിൽ (പ്രസ്തുത നിരക്കിൽ നഗരസഭയ്ക്ക് ചാർജ് ഒടുക്കുവാനാണ് വ്യവസ്ഥ വെച്ചിട്ടുള്ളത്) മാത്രമാണ് തുക ഒടുക്കുന്നത് (ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചത് മുതൽ ഈ നിരക്കിലാണ് തുക ഈടാക്കുന്നത്). നഗരസഭയ്ക്ക് ലഭിക്കേണ്ട വിഹിതത്തിൽ കാലികമായ വർദ്ധനവ് വരുത്താവുന്നതാണ്.

II) വനിതാ ഹോസ്റ്റലിന്റെ പ്രതിമാസ വരവ് ചെലവ് കണക്ക്, പ്രവർത്തന റിപ്പോർട്ട് എന്നിവ നഗരസഭയ്ക്ക് സമർപ്പിക്കുകയോ നഗരസഭ ഇതുമായി ബന്ധപ്പെട്ട രേഖകൾ/രജിസ്റ്ററുകൾ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. വനിതാ ഹോസ്റ്റലിന്റെ പ്രവർത്തനങ്ങളും പ്രതിമാസ കണക്കുകളും നഗരസഭ മാസന്തോറും മോണിറ്ററിംഗ് ചെയ്യേണ്ടതാണ്.

III)ഉരുവച്ചാൽ വനിതാ ഹോസ്റ്റൽ നടത്തിപ്പിനായി ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിന് സർക്കാർ അംഗീകാരം ലഭ്യമാക്കുകയോ കരട് ബൈലോ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ഈ വിഷയം പരാമർശിച്ചിരുന്നെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ ഹോസ്റ്റൽ നടത്തിപ്പ് ചുമതല നൽകുന്നത്. നിയമാനുസൃതമായി ബൈലോ (കേരള മുനിസിപ്പാലിറ്റി നിയമം 567, 572 വകുപ്പുകൾ അനുസരിച്ചുള്ള ബൈലോ) തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങുന്നതിന് കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 60/17-01-2024)

മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ആംബുലൻസ് നടത്തിപ്പ്-അപാകതകൾ

ധനകാര്യ നോഡൽ സെന്റർ- ബി വകുപ്പിന്റെ സ.ഉ.(സാധാ) നം. 7336/15/ധന, തീയ്യതി 11-08-15 ഉത്തരവ്, മട്ടന്നൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസറുടെ 23-11-15 ലെ 284/14 നമ്പർ ഉത്തരവ് എന്നിവ പ്രകാരം മട്ടന്നൂർ സി എച്ച് സി യുടെ ഉടമസ്ഥതയിലുള്ള KL 58J 2980 നമ്പർ ആംബുലൻസ് നഗരസഭയ്ക്ക് വിട്ടുകിട്ടിയിട്ടുണ്ട്. ആംബുലൻസ് കൈകാര്യം ചെയ്യുന്നതിലും ഇതിന്റെ വാടകയിനത്തിലുള്ള വരവ് ഒടുക്കുന്നതിലുമുണ്ടായ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. വാഹനത്തിന്റെ ചുമതല ഹെൽത്ത് ഇൻസ്പെക്ടർക്ക് നൽകുന്നതിനും വാഹനവാടക ഈടാക്കുന്നത് സംബന്ധിച്ചും മറ്റ് നിയന്ത്രണങ്ങൾ സംബന്ധിച്ചും ഒരു ബൈലാ തയ്യാറാക്കാൻ ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുന്നതിനും വാഹന വാടക ഈടാക്കാൻ രശീത്ബുക്ക് അച്ചടിക്കുന്നതിനും 04-01-16 ന് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. രശീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്ററും ആംബുലൻസ് നടത്തിപ്പുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ബൈലോയും ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (ആംബുലൻസ് വരവ് രജിസ്റ്റർ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്).

2.ചുവടെ പറയുന്ന ദിവസങ്ങളിലെ വാഹന യാത്രയ്ക്ക് കുറഞ്ഞ നിരക്കിൽ വാടക ഈടാക്കിയതിന്റെ കാരണം വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 61/17-01-2024)തുക പിഴ സഹിതം ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട് .

| ക്രമ നമ്പർ | രസീത് നമ്പർ/ തീയതി | മീറ്റർ റീഡിങ്/ ആകെ ദൂരം | യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന വാടക (₹) | ഈടാക്കിയ വാടക (₹) | കുറവ് (₹) |
|---|---|---|---|---|---|
| 1 | 13-634/ 25-08-2022 | 94898 TO 94988 90Km | 90*15 =1350 | 1200 | 150 |
| 2 | 13-639/ 14-09-2022 | 95102 TO 95191 89 Km | 89*15 =1335 | 1200 | 135 |
| 3 | 13-646/ 2-10-2022 | 95367 TO 95502 135 Km | 135*15 =2025 | 2000 | 25 |
| 4 | 13-647/ 9-10-2022 | 95502 TO 95572 70 Km | 70*15 =1050 | 1000 | 50 |
| ആകെ | | | | | 360 |

വാഹന വാടക ഈടാക്കിയതിൽ കുറവ് വന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും പിഴ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം കളക്ഷൻ തുക ആ ദിവസമോ തൊട്ടടുത്ത ദിവസമോ നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്. എന്നാൽ കളക്ഷൻ തുക അടവാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്.

| ക്രമ നം | രശീതി ബുക്ക് നം./ | മുനിസിപ്പാലിറ്റിയിൽ അടവാക്കിയ | തുക (₹) |
|---|---|---|---|

| | തിയ്യതി | രശീതിനമ്പർ/ തിയ്യതി | |
|---|---|---|---|
| 1 | 609-611 ( 3.04.2022 മുതൽ 8.04.2022 വരെ) | 122030100261/ 13.04.2022 | 1500 |
| 2 | 615-619 (29.04.2022 മുതൽ 7.05.2022 വരെ) | 122030101199/ 9.07.2022 | 3600 |
| 3 | 646-649 (2.10.2022 മുതൽ 10.10.2022 വരെ) | 122020103438/ 11.10.2022 | 4000 |

കളക്ഷൻ തുക അടവാക്കുന്നതിന് കാലതാമസം നേരിട്ട സാഹചര്യം വിശദീകരിക്കേണ്ടതാണ്.

5. ലോഗ് ബുക്ക് ഒരോ ദിവസവും പരിശോധിച്ച് നഗരസഭ ഫണ്ടിൽ കൃത്യമായ തുകയാണോ ഒടുക്കുന്നതെന്ന് ഹെൽത്ത് ഇൻസ്പെക്ടർ ഉറപ്പുവരുത്തുന്നില്ല.

ആംബുലൻസ് നടത്തിപ്പുമായി ബന്ധപ്പെട്ട് വ്യക്തമായ മാർഗ്ഗരേഖ/ബൈലൊ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതും ഇതിൽ നിന്നുള്ള വരവ് കൃത്യമായി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കുന്നുണ്ട് എന്നുറപ്പു വരുത്തി പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 സെക്രട്ടറിക്ക് ക്വാർട്ടേഴ്സിന്റെ വാടകയും വീട്ടുവാടക അലവൻസും ഒരേ സമയം അനുവദനീയമല്ല. ₹39744 തിരികെ ഈടാക്കേണ്ടതാണ്.

സ്വന്തമായി ക്വാർട്ടേഴ്സ് ലഭ്യമല്ലാത്ത മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്ക് വാടക ഇനത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കാൻ ജി.ഒ.(ആർ.ടി) നം.15/2017/തസ്വഭവ/തീയതി. 10.01.2017 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി താമസിക്കുന്ന ക്വാർട്ടേഴ്സിന്റെ വാടക അടവാക്കിയ വകയായി പ്രതിമാസം 8000/ രൂപ നിരക്കിൽ 2022-23 വർഷത്തിൽ 96000/- (8000 X 12) രൂപ തനത് ഫണ്ടിൽ നിന്ന് സെക്രട്ടറിക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ സെക്രട്ടറിയായ ശ്രീ. വിനോദ് കുമാർ . എസ് ന് പ്രതിമാസ ശമ്പളത്തോടൊപ്പം 3312/- രൂപ നിരക്കിൽ വീട്ടുവാടക അലവൻസ് അനുവദിച്ചിട്ടുണ്ട്. ബില്ലിന്റെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | മാസം | മാസം | തുക (ഗ്രോസ് തുക) | വീട്ടു വാടക ബത്ത |
|---|---|---|---|---|
| 1 | 17391108 | 4/22 | 62376 | 3312 |
| 2 | 17531109 | 5/22 | 62376 | 3312 |
| 3 | 17724832 | 6/22 | 62376 | 3312 |
| 4 | 17877252 | 7/22 | 62376 | 3312 |
| 5 | 18178029 | 8/22 | 62376 | 3312 |
| 6 | 18286950 | 9/22 | 62376 | 3312 |
| 7 | 18478921 | 10/22 | 62376 | 3312 |
| 8 | 18626730 | 11/22 | 62376 | 3312 |
| 9 | 18813382 | 12/22 | 62376 | 3312 |
| 10 | 18894440 | 1/23 | 62376 | 3312 |
| 11 | 19082711 | 2/23 | 62376 | 3312 |

| | | | | |
|---|---|---|---|---|
| 12 | 19351444 | 3/23 | 62376 | 3312 |
| | | | ആകെ | 39744 |

കേരള സർവീസ് ചട്ടങ്ങൾ പ്രകാരം, വീട്ടു വാടക അലവൻസ് ഒരു പരിഹാരവേതനം (Compensatory Allowance) ആണ്. ഉദ്യോഗസ്ഥന് ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായി ആസ്ഥാനത്തിനുള്ളിൽ താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനാണ് ഈ തുക സർക്കാർ അനുവദിക്കുന്നത്. സർക്കാർ വക ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ജീവനക്കാരന് വീട്ടുവാടക അലവൻസിന് അർഹതയില്ല. ഈ സാഹചര്യത്തിൽ നഗരസഭ വാടക നൽകുന്ന ക്വാർട്ടേഴ്സ് ഉപയോഗിക്കുന്ന നഗരസഭ സെക്രട്ടറിക്ക് വീട്ടുവാടക അലവൻസ് അനുവദിച്ചത് ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച് നൽകിയ 43/14-1-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ക്വാട്ടേഴ്സ് വാടകയും വീട്ടുവാടക അലവൻസും ഒരുമിച്ച് നൽകിയത് പ്രകാരം നാളിതുവരെ തിരികെ അടവാക്കാനുള്ള തുക അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം അനർഹമായി വീട്ടുവാടക അലവൻസ് ഇനത്തിൽ അനുവദിച്ച ₹39744 (3312x12) തിരികെ ഒടുക്കേണ്ടതാണ്. (ഖണ്ഡിക 3-1 കൂടി കാണുക)

## 1-21 സെക്രട്ടറിയുടെ ശമ്പള ഇനത്തിലുള്ള തുക സർക്കാരിലേക്ക് തിരികെ ഒടുക്കുന്നില്ല

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3), കേരളാസർവ്വീസ് റൂൾസ് പാർട്ട് 1, റൂൾ 146 എന്നിവ പ്രകാരം നഗരസഭാ സെക്രട്ടറി ഒരു സർക്കാർ ഉദ്യോഗസ്ഥനെന്നനിലയിൽ ശമ്പളവും അലവൻസുകളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പിൻവലിക്കേണ്ടതും ടിയാന്റെ സേവനം നഗരസഭയ്ക്കായി വിട്ടുനൽകിയിട്ടുള്ളതിനാൽ പ്രസ്തുത തുകകളും പെൻഷൻ അംശദാനവും മുനിസിപ്പാലിറ്റി തനതുഫണ്ടിൽ നിന്ന് മാസം തോറും തിരികെ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതുമാണ്. ഇക്കാര്യം സംബന്ധിച്ച് നൽകിയ 41/14-1-24 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ഇപ്രകാരമുള്ള തുക നിലവിൽ സർക്കാരിലേക്ക് അടച്ച് വരുന്നില്ലെന്നും നഗരസഭ ധനസ്ഥിതി മെച്ചപ്പെടുന്ന സ്ഥിതിക്ക് സഞ്ചിത നിധിയിലേക്ക് അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭക്ക് തനത് ഫണ്ടിനത്തിൽ 2.88 കോടി രൂപ നീക്കിയിരിപ്പുള്ള സാഹചര്യത്തിൽ ഈ ന്യായീകരണം വസ്തുതകൾക്ക് നിരക്കുന്നതല്ല. ഇക്കാര്യത്തിൽ ആവശ്യമായ പുനഃപരിശോധന നടത്തേണ്ടതും നിയമാനുസൃതമായ ബാധ്യതകൾ നിർവഹിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-22 പെൻഷൻ വിഹിതം കുറവ് ചെയ്യാതെ ശമ്പള പരിഷ്കരണ തുക അനുവദിച്ചു.

09-02-2022ലെ സ. ഉ.(സാധാ) നമ്പർ 294/2022/ത.സ്വ.ഭ.വ അനുസരിച്ച് 12-08-2021ലെ സ.ഉ. (പി.) നമ്പർ 168/2021/ ധന പ്രകാരമുള്ള, കണ്ടിജന്റ് ജീവനക്കാരുടെ 2019 ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക തുക 12-8-21 വരെയുള്ള കാലയളവിനുള്ളിൽ വിരമിക്കുന്നവർക്ക് ആറുമാസത്തിനകവും 12-8-21 ശേഷം വിരമിക്കുന്നവർക്ക് വിരമിക്കൽ തീയതി മുതൽ ആറുമാസത്തിനകവും മുഴുവൻ തുകയും ,മറ്റു ജീവനക്കാർക്ക് 2 തുല്യ മാസ ഗഡുക്കളായി, ആദ്യ ഗഡു 2022 ഏപ്രിൽ മാസത്തിലും രണ്ടാമത്തെ ഗഡു 2023 ഏപ്രിൽ മാസത്തിലും രൊക്കം പണമായി അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നഗരസഭ 12-8-21 നുള്ളിൽ വിരമിച്ച 4 ജീവനക്കാർക്ക് വൌച്ചർ നമ്പർ-247/2022 തീയതി-10-06-2022 പ്രകാരം ₹320316 യും മറ്റ് 11 ജീവനക്കാർക്ക് ആദ്യ ഗഡുവായി വൌച്ചർ നമ്പർ-224/2022 തീയതി-10-06-2022 പ്രകാരം 520957 രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക അനുവദിച്ചപ്പോൾ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട താഴെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും പെൻഷൻ വിഹിതം കുറവ് ചെയ്ത് ഒടുക്കിയതായി കാണുന്നില്ല

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | അനുവദിച്ച ശമ്പള പരിഷ്കരണ കുടിശ്ശിക | കുറിപ്പ് |
|---|---|---|---|
| 1 | സുമാലിനി സി | 28378 | 1-7-19 മുതൽ 31-8-21 വരെയുള്ള കുടിശ്ശിക തുകയുടെ ഒന്നാം ഗഡു |
| 2 | വത്സൻ കെ പി | 35148 | 1-7-19 മുതൽ 31-8-21 വരെയുള്ള കുടിശ്ശിക തുകയുടെ ഒന്നാം ഗഡു |
| 3 | ദേവു പി പി | 29926 | 1-7-19 മുതൽ 31-8-21 വരെയുള്ള കുടിശ്ശിക തുകയുടെ ഒന്നാം ഗഡു |
| 4 | മുനീർ കെ | 17911 | 4-5-20 മുതൽ 31-8-21 വരെയുള്ള കുടിശ്ശിക തുകയുടെ ഒന്നാം ഗഡു |
| 5 | അബൂബക്കർ സി പി | 69681 | 2/22 ൽ വിരമിച്ചു. 1-7-19 മുതൽ 31-8-21 വരെയുള്ള കുടിശ്ശിക തുക മുഴുവനായും |

| | | | |
|---|---|---|---|
| 6 | പദ്മാവതി പി | 49414 | 5/22 ൽ വിരമിച്ചു.<br>1-7-19 മുതൽ 31-8-21 വരെയുള്ള കുടിശ്ശിക തുക മുഴുവനായും |

ചുവടെ ചേർത്ത ജീവനക്കാർക്ക് സേവനത്തിൽ പ്രവേശിച്ച തീയതി മുതൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ശമ്പള നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും ആയത് നാളിതുവരെയായും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരത്തിന് വിധേയമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ജീവനക്കാർക്ക് അനുവദിച്ച ശമ്പള പരിഷ്കരണ കുടിശ്ശികയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സേവനത്തിൽ പ്രവേശിച്ച തീയതി | അനുവദിച്ച ശമ്പള പരിഷ്കരണ കുടിശ്ശിക (₹) |
|---|---|---|---|
| 1 | കെ കെ പ്രദീപൻ | 28-3-2001 | 28378 |
| 2 | സത്യൻ കുഞ്ഞിപ്പുരയിൽ | 15-9-2007 | 35148 |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (41/12.1.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട മേൽ പട്ടികയിൽ ചേർത്ത ജീവനക്കാരിൽ നിന്നും പെൻഷൻ വിഹിതം കുറവ് ചെയ്ത് ഒടുക്കേണ്ടതാണ്.

## 1-23 അഡ്വാൻസ് തുക ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹50000 തടസ്സപ്പെടുത്തുന്നു.

നഗരസഭയ്ക്ക് ലഭിച്ച അവാർഡ് കൈപ്പറ്റുന്നതിന് രാജ്കോട്ട് യാത്ര നടത്തുന്നതിനായി ചെയർമാൻ, സെക്രട്ടറി എന്നിവർക്ക് ബിൽ നം 521/13-10-22 പ്രകാരം ₹50000 അഡ്വാൻസ് നൽകിയിട്ടുണ്ട്. അഡ്വാൻസ് നൽകിയ തുക ക്രീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 44/14-1-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുക അനുവദിച്ചത് സംബന്ധിച്ച നഗരസഭ ചെയർമാന്റെ സാധൂകരണമാണ് ലഭ്യമാക്കിയത് അഡ്വാൻസ് തുക ക്രമീകരിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹50000 തടസ്സപ്പെടുത്തുന്നു. തുക ക്രമീകരിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-24 അപ്രന്റിസ് ട്രെയിനികൾക്ക് സ്റ്റൈപ്പന്റ് - കേന്ദ്ര സർക്കാരിൽ നിന്നും തുക ലഭ്യമായിട്ടില്ല

കേന്ദ്ര സർക്കാരിന്റെ അപ്രന്റിസ് പ്രമോഷൻ സ്കീം രാജ്യത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി അപ്രന്റിസ് ട്രെയിനിംഗ് കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എല്ലാ അപ്രന്റിസ് ട്രെയിനികൾക്കും 2016 ഒക്ടോബർ മുതൽ സ്റ്റൈപ്പന്റിന്റെ 25% പരമാവധി ₹1500 കേന്ദ്ര സർക്കാർ നല്കുമെന്ന് വ്യവസായ പരിശീലന വകുപ്പിന്റെ 26-09-2016ലെ എഫ്-1/21777/ 2016 നമ്പർ കത്ത്, വ്യവസായ പരിശീലന വകുപ്പ് ആർ.ഐ സെന്റർ കണ്ണൂർ അസിസ്റ്റന്റ് അപ്രന്റിസ്ഷിപ്പ് അഡ്വൈസറുടെ 07.10.2022ലെ RIC/KNR/83/2022-A3 നമ്പർ കത്ത് എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. മട്ടന്നൂർ നഗരസഭ 2022-23 സാമ്പത്തിക വർഷത്തിൽ അപ്രന്റിസ് ട്രെയിനിയായി ശ്രീ. സ്നേഹ കെ പി, ശ്രീ സ്നേഹ വി വി എന്നിവരെ 2022 മെയ് മാസം മുതൽ നിയമിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ അപ്രന്റിസ് ട്രെയിനികൾക്കുള്ള സ്റ്റൈപ്പന്റായി ₹134653 ചെലവഴിച്ചിട്ടുണ്ടെന്നും കേന്ദ്ര സർക്കാരിൽ നിന്നും തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും 38/12-1-2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും മുൻ വർഷങ്ങളിലുൾപ്പെടെ തിരികെ ലഭിക്കാനുള്ള തുക കൃത്യമായി കണക്കാക്കി തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 പെൻഷൻ ഫണ്ട് അവലോകനം

**റഗുലർ പെൻഷൻ ഫണ്ട്**

1996 ലെ കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡിസിആർ ബി റൂൾസ് ചട്ടം 7(2),8 എന്നിവ പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി അതത് മാസം 25 ന് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതുണ്ട്.

നഗരസഭയിലെ റഗുലർ പെൻഷൻ നൽകുന്നതിന് എസ്.ബി.ഐ മട്ടന്നൂർ ബ്രാഞ്ചിൽ 57067151745 നമ്പരായി അക്കൗണ്ട് തുടങ്ങുകയും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുന്ന വിഹിതം ഈ അക്കൗണ്ടിൽ നിക്ഷേപിച്ച് പെൻഷൻ വിതരണം ചെയ്തുവരികയുമാണ്. ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ട് പത്രിക പ്രകാരം 2022-23വർഷം സെൻട്രൽ പെൻഷൻ ഫണ്ട് ലഭിച്ചിട്ടില്ല. ഈ വർഷം ₹21,58,554 പെൻഷൻ, കമ്മ്യൂട്ടേഷൻ ആനുകൂല്യങ്ങൾക്കായി

ചെലവഴിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം10/8.1.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നഗരസഭയിൽ പെൻഷൻ ഫണ്ട് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക, സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ള തുക എന്നിവ എത്രയാണെന്ന കൃത്യമായ വിവരം സ്ഥാപനത്തിൽ ലഭ്യമല്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ അക്കൗണ്ടിൽ മുന്നിരിപ്പ് -₹ 7,51,716 നീക്കിയിരിപ്പ് - 1,541,56 രൂപ ആണ്. തനത് ഫണ്ടിൽ നിന്നും പെൻഷനറി ആനുകൂല്യങ്ങൾക്കായി ചെലവഴിക്കുന്ന തുകയുടെയും, ഓരോ മാസവും സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്ന തുകയുടെയും വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**കണ്ടിജന്റ് പെൻഷൻ ഫണ്ട്**

ജി.ഒ. (പി) 96/1997 ത.സ്വ.ഭ.വ തീയതി, 3-5-1997-ൽ നിലവിൽ വന്ന 1997 ലെ കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയ്സ് ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് റൂൾസ് ചട്ടം 1,7 (2) എന്നിവയനുസരിച്ച് ജീവനക്കാരുടെ മൊത്ത ശമ്പളത്തിന്റെ 15% തുക കണ്ടിജന്റ് പെൻഷൻ ഫണ്ടിനായി മട്ടന്നൂർ സബ്ട്രഷറിയിലെ TPA 72202020000214 എന്ന പ്രത്യേക അക്കൗണ്ടിലൂടെ പരിപാലിച്ചു പോരുന്നുണ്ടായിരുന്നു. എന്നാൽ ഈ വർഷം പ്രസ്തുത അക്കൗണ്ട് ക്ലോസ് ചെയ്തിരിക്കയാണ്. ക്ലോസ് ചെയ്യാനിടയായ കാരണം വ്യക്തമല്ല. വാർഷിക ധനകാര്യ പത്രികയിൽ 31.3.2022-ൽ മുന്നിരിപ്പുള്ള 1,65,192 രൂപ ഈ വർഷം പ്രയർ പീരിഡിൽ കാണിച്ച് 31.03.2023ൽ നീക്കിയിരിപ്പ് 0 ആയാണ് ക്ലോസ് ചെയ്തത്. ഈ വർഷം ₹20,82,484 പെൻഷൻ, കമ്മ്യൂട്ടേഷൻ ആനുകൂല്യങ്ങൾക്കായി ചെലവഴിച്ചതായി ഓഡിറ്റ് അന്വേഷണത്തിന്(നം 10/8.1.2024) മറുപടി നൽകിയിട്ടുണ്ട് .

കണ്ടിജന്റ് പെൻഷൻ ഫണ്ടിന് തുക ചെലവഴിക്കുന്നത് തനത് ഫണ്ടിന്റെ ഏതൊക്കെ അക്കൗണ്ടിലൂടെയാണെന്ന വിവരം ലഭ്യമല്ല. പെൻഷൻ നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും നൽകുന്ന തുക പെൻഷൻ ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിച്ച് പ്രസ്തുത അക്കൗണ്ടിലൂടെ ചെലവ് ചെയ്യേണ്ടതാണ്.

## 1-26 ഐ കെ എം വിഹിതം കൈമാറൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല ₹500000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ / പേര് | 34/23 ,ഐ കെ എം വിഹിതം |
| അടങ്കൽ | ₹500000 വികസനഫണ്ട് -പൊതുവിഭാഗം |
| ചെലവ് | ₹500000 ബിൽ നമ്പർ : 84/30-11-2022 |

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ.കെ.എം ന് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ₹500000 ഐ.കെ.എം എക്സിക്യൂട്ടീവ് ഡയരക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 24/10-1-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ഐ.കെ.എം എക്സിക്യൂട്ടീവ് ഡയരക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹500000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 വയോമിത്രം പദ്ധതി-മോണിറ്ററിംഗ് റിപ്പോർട്ട്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.₹10,00,000തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 35/23 വയോമിത്രം പദ്ധതി |
| അടങ്കൽ | ₹1000000 വികസനഫണ്ട് -പൊതുവിഭാഗം |
| ചെലവ് | ₹1000000 ബിൽ നമ്പർ :104/2-12-22 |

അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് സാമൂഹ്യ സുരക്ഷ മിഷന്റെ ആഭിമുഖ്യത്തിൽ ആനുകൂല്യം ലഭ്യമാക്കുന്നതിനായി മേൽ പ്രൊജക്ട് പ്രകാരം ₹1000000 സാമൂഹ്യ സുരക്ഷ മിഷന് അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം നഗരസഭ നൽകുന്ന വിഹിതം നഗരസഭയിലെ രോഗികൾക്ക് ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ മോണിറ്ററിംഗ് റിപ്പോർട്ട്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 23/10-1-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് സാമൂഹ്യസുരക്ഷ മിഷന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മോണിറ്ററിംഗ് റിപ്പോർട്ട്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാത്തതിനാൽ ₹1000000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-28 റിംഗ് കംപോസ്റ്റ് സ്ഥാപിക്കൽ- ഗുണഭോക്തൃ വിഹിതം ₹1,19,750 ചെലവഴിച്ചില്ല.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | SO 54/23, റിംഗ് കംപോസ്റ്റ് സ്ഥാപിക്കൽ |
| അടങ്കൽ | ₹625500 ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>₹525000കേന്ദ്രാവിഷ്കൃത ഫണ്ട്<br>₹349500 സംസ്ഥാനാവിഷ്കൃത ഫണ്ട്<br>ആകെ- 1500000 |
| ചെലവ് | ₹625500 ബിൽ നമ്പർ : 98/2-12-22<br>₹372000 ബിൽ നമ്പർ : 961/28-2-23<br>₹200000 ബിൽ നമ്പർ : 961/28-2-23<br>ആകെ- ₹1197500 |

മേൽ പ്രൊജക്ട് പ്രകാരം ഒരു റിംഗ് കംപോസ്റ്റിന് 2500 രൂപ നിരക്കിൽ 479 റിംഗ് കപോസ്റ്റുകൾ വിതരണം ചെയ്യതിന് റെയ്ഡ്കോ എന്ന സ്ഥാപനത്തിന് ₹1197500 (2500x479) അനുവദിച്ചിട്ടുണ്ട്.സ. ഉ (സാ.ധാ) നം.3281/2018/ തസ്വഭവ തീയതി 31.12.2018 പ്രകാരം വീട്ടുകളിലേക്കുള്ള റിംഗ് കംപോസ്റ്റിന് യൂണിറ്റ് കോസ്റ്റിന്റെ 10% ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട് . അപ്രകാരം 479 ഗുണഭോക്താക്കളിൽ നിന്നും 250 രൂപ വീതം ആകെ 119750 രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കിയിട്ടുണ്ടെങ്കിലും പ്രൊജക്ടിൽ ഗുണഭോക്തൃ വിഹിതം വകയിരുത്തി ചെലവഴിച്ചിട്ടില്ല. ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ ഉത്തരവിന് വിരുദ്ധമായി പ്രൊജക്ട് നടപ്പാക്കിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 42/12-1-24 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്തൃവിഹിതമായി ഈടാക്കിയ ₹119750 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിലേക്ക് തിരികെ അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ധനകാര്യ കമ്മീഷൻ ഗ്രാന്റിലേക്ക് അടവാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-29 കുടിവെള്ള വിതരണ കിയോസ്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല.₹ 1021548 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 383/23 ആർ ഒ യു വി സംവിധാനത്തോട് കൂടിയ കുടിവെള്ള വിതരണ കിയോസ്കുകൾ സ്ഥാപിക്കൽ |
| അടങ്കൽ | ₹4279000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹3528984 ബിൽ നമ്പർ : 328/30-3-23 |

മേൽ പ്രൊജക്ട് പ്രകാരം മട്ടന്നൂർ നഗരസഭയിലെ വിവിധ ഭാഗങ്ങളിൽ ആർ ഒ യു വി സംവിധാനത്തോട് കൂടിയ കുടിവെള്ള വിതരണ കിയോസ്കുകൾ(@₹92868) സ്ഥാപിക്കുന്നതിനായി ₹35,28,984 ചെലവഴിച്ച് GEM മുഖേന AXIOMA AQUA SOLUTIONS , CALICUT എന്ന സ്ഥാപനത്തിൽ നിന്നും 38 കുടിവെള്ള വിതരണ കിയോസ്കുകൾ വാങ്ങിയിട്ടുണ്ട്. ആയതിൽ 27 എണ്ണം സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നുണ്ടെന്ന സ്ഥാപന മേധാവികളുടെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള 11 എണ്ണം സ്ഥാപിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. 11 എണ്ണം സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് സ്ഥാപന മേധാവികളിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 48/16-1-2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 11 കുടിവെള്ള വിതരണ കിയോസ്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹ 1021548 (11 X 92868) യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 പൗരാവകാശ രേഖ പ്രസിദ്ധീകരിക്കാത്തത്

കേരള മുനിസിപ്പാലിറ്റി (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങൾ 2000 ലെ ചട്ടം 3(1) പ്രകാരം പൊതു തിരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു കൗൺസിൽ രൂപീകരിക്കപ്പെട്ടതിന് ശേഷം കഴിയുന്നതും നേരത്തേഎന്നാൽ 6 മാസത്തിനകം പൊതുജനങ്ങൾക്കു ലഭ്യമാകുന്ന സേവനങ്ങൾ, സേവനം ലഭ്യമാകുന്ന കാലയളവ്, നടപടിക്രമങ്ങൾ തുടങ്ങിയ വിവരങ്ങൾ സമഗ്രമായി പ്രതിപാദിക്കുന്ന പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. എന്നാൽ മട്ടന്നൂർ നഗരസഭയിൽ പൗരാവകാശരേഖ തയ്യാറാക്കിയിട്ടില്ല. പുതിയ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചതാണെന്നും, കാലാനുസൃതമായി പരിഷ്കരിക്കുന്നതാണെന്നുമാണ് ഓഡിറ്റ് അന്വേഷണത്തിന് (56/17.1.2024) മറുപടി നൽകിയത്. പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 തനത് ഫണ്ട് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു

നഗരസഭ വസ്തുനികുതി ഇ-പേയ്മെന്റ് അക്കൗണ്ട് കറന്റ് അക്കൗണ്ടാണ്. വസ്തുനികുതി ഇ-പേയ്മെന്റ് അക്കൗണ്ടിൽ വരുന്ന തുക നിശ്ചിത ഇടവേളകളിൽ നഗരസഭ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതായിരുന്നു. എന്നാൽ ഇ-പേയ്മെന്റ് അക്കൗണ്ടിലെ തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ കറന്റ് അക്കൗണ്ടിൽ നിലനിർത്തിവരികയാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബാങ്ക് അക്കൗണ്ട് വിവരം | നീക്കിയിരിപ്പ്(31.03.2023) /AFS/പാസ്ബുക്ക് പ്രകാരം |
|---|---|

| | |
|---|---|
| എസ് ബി ഐ E PAYMENT-അക്കൗണ്ട്<br>(അക്കൗണ്ട് നമ്പർ - 67191739590) | 7152512 |

നഗരസഭ മേല്പറഞ്ഞ അക്കൗണ്ടിലെ തനത് വരുമാനം യഥാസമയം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ പലിശരഹിത അക്കൗണ്ടിൽ നിലനിർത്തിയത് വഴി പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നുണ്ട്. തുക കറണ്ട് അക്കൗണ്ടിൽ നിന്നും സേവിംഗ്സ് ബേങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് പലിശയിനത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

## 1-32 കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല -ചെലവ് തുക 1,20,000രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | നഗരസഭാ എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | 372/23 കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ തുക,ഫണ്ടിനം | 150000 ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നംപർ,തീയതി,ചെലവ് തുക | 3237507198തീയതി 24-3-23 തുക<br>120000 |
| ഡെപ്പോസിറ്റ് വർക് | കേരള വാട്ടർ അതോറിറ്റി കണ്ണൂർ |
| എം ബുക്ക് നംപർ | 62/22 |
| കരാർ നമ്പർ ,തീയതി | ഇല്ല |

മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1)മട്ടന്നൂർ വയോജന വിശ്രമ കേന്ദ്രത്തിൽ കുടിവെള്ള ലൈൻ സ്ഥാപിക്കുവാനായി 18% ജി എസ് ടി ഉൾപ്പെടെ 120000 രൂപ കേരള വാട്ടർ അതോറിറ്റി കണ്ണൂർ എന്ന സ്ഥാപനത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയത് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2. 19-4-2022 തീയതിയിലെ സ.ഉ.(കൈ)നമ്പർ 86/2022 നമ്പറായുള്ള പദ്ധതി മാർഗ രേഖ ഖണ്ഡിക 12-2-ഡി-li പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനം ബന്ധപ്പെട്ട ഡെപോസിറ്റ് ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമാണ് തുക മുൻകൂർ നൽകാവുന്നത്.എന്നാൽ കേരള വാട്ടർ അതോറിറ്റി കണ്ണൂർ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/12-1-24) മറുപടിയായി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ചെലവ് തുക 120000രൂപ തടസ്സപ്പെടുത്തുന്നു.

## 1-33 നഗരസഭാ ഫണ്ടിൽ ഒടുക്കിയ തുക 2589രൂപ സഞ്ചിതനിധിയിലേയ്ക്ക് മാറ്റേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | നഗരസഭാ എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | 179/23 കീച്ചേരി അംഗനവാടി അറ്റകുറ്റപ്പണി |
| അടങ്കൽ തുക,ഫണ്ടിനം | 3,00,000 മെയിന്റയിനൻസ് ഫണ്ട് റോഡിതരം |
| ബിൽ നംപർ,തീയതി,ചെലവ് തുക | 2222014700190134718<br>തീയതി 10-3-23 ₹2,24,347 |
| കരാറുകാരന്റെ പേര് | പി.റഷീദ് |
| എം ബുക്ക് നംപർ | 52/22 |
| കരാർ നമ്പർ ,തീയതി | 66/22 9-2-22 |

മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1)താഴെ കാണിച്ച ഇനം പ്രവൃത്തികൾ എസ്റ്ററിമേറ്റിൽ ഉൾപ്പെടുത്തിയതിലും അധികം അളവ് പ്രവൃത്തി ചെയ്യുകയും

എസ്റ്ററിമേറ്റ് തുകയിൽ ലിമിറ്റ് ചെയ്യാതെ അധികതുക അനുവദിച്ചതായും കാണുന്നു.എസ്റ്ററിമേറ്റിൽ ഉൾപ്പെടുത്തിയതിൽ അധികം നിരക്ക് എസ്റ്ററിമേറ്റ് തുകയിൽ ലിമിറ്റ് ചെയ്യാതെ അധികതുക അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/9-1-24)മറുപടിയായി 2589രൂപ നഗരസഭാ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (രശീതി നമ്പർ 130100-23000341 തീയതി 18-1-24, തുക ₹2589 ) വിശദവിവരം ചുവടെ കൊടുക്കുന്നു.

| അളവ് | ക്വാട്ടഡ് നിരക്ക് | എസ്റ്ററിമേറ്റ് നിരക്ക് - | അധികം അനുവദിച്ചതുക |
|---|---|---|---|
| 101.56 | 145.46 | 132.24 | 1342.17 |
| 22.075 | 621.038 | 564..58 | 1246.31 |
| | | | 2588.48 |

നഗരസഭാ ഫണ്ടിൽ ഒടുക്കിയ തുക 2589രൂപ സഞ്ചിതനിധിയിലേയ്ക്ക് മാറ്റേണ്ടതാണ്.

## 1-34 കാര അമ്പലം കനാൽ റോഡ് ബാക്കി ഭാഗം നിർമാണം -2019-20 വർഷം ആരംഭിച്ച പ്രവൃത്തി നാളിതുവരേയും പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | നഗരസഭാ എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | 155/23 കാര അമ്പലം കനാൽ റോഡ് ബാക്കി ഭാഗം നിർമാണം |
| അടങ്കൽ തുക,ഫണ്ടിനം | ആകെ ₹2300000<br>വികസന ഫണ്ട് ₹1000000<br>തനതു ഫണ്ട് ₹1300000 |
| ബിൽ നംപർ,തീയതി,ചെലവ് തുക | 22220147001901570841 Dt 30-3-23 -₹622354 വികസന ഫണ്ട്<br>₹836106 (2021-22ലെ ചെലവ്) |
| കരാറുകാരന്റെ പേര് | ഷാഫിർ.പി |
| പി എ സി തുക | ₹2034624 |
| എം ബുക്ക് നംപർ | 32/2020 |
| കരാർ നമ്പർ ,തീയതി | 2/21-22 26-8-20 |

2019-20 വർഷം ആരംഭിച്ച് കാര അമ്പലം കനാൽ റോഡിന്റെ 0/470 മുതൽ 0/655km വരെയുള്ള ബാക്കി ഭാഗം നിർമാണ പ്രവൃത്തിയ്ക്കു വേണ്ടി ശ്രീ ഷാഫിർ.പി എന്ന കരാറുകാരന്റെ 2034645 രൂപയുടെ ടെണ്ടർ അംഗീകരിച്ച് 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനായി കരാർ ചമച്ചിട്ടുണ്ട്. 17-3-2020 ന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടും ആറുമാസത്തോളം വൈകി 26-8-2020 നാണ് കരാർ ചമച്ചിരിക്കുന്നത്. കോവിഡ് വ്യാപനത്തിന്റെ സാഹചര്യം പരിഗണിച്ച് കൗൺസിൽ പിഴ ഒഴിവാക്കി നൽകിയിരുന്നു. എന്നാൽ 21-5-21ന് പൂർത്തിയാക്കേണ്ടുന്ന പ്രസ്തുത പ്രവൃത്തി നാളിതുവരേയും പൂർത്തിയാക്കിയിട്ടില്ല. 1st & 11nd പാർട്ട് ബിൽ പ്രകാരം ആകെ തുക 1458460രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഫൈനൽ ബിൽതുക അനുവദിച്ചിട്ടില്ല. കൂടാതെ കരാർ പ്രകാരം 21-5-21 ന് പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ കാലാവധി നീട്ടി നൽകാനായി കൗൺസിൽ തീരുമാനം ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി അറിയിക്കാനും, പിഴതുക ഈടാക്കുന്നത് സംബന്ധിച്ചും, രേഖകൾ ഹാജരാക്കാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (49/16-1-24) മറുപടിയായി പ്രവൃത്തി നാളിതുവരെയും പൂർത്തീകരിച്ചില്ല എന്നും പ്രവൃത്തി പൂർത്തീകരിക്കുന്ന പക്ഷം ഫൈനൽ ബില്ലിൽ നിന്നും പിഴതുക ഈടാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. അല്ലാത്ത പക്ഷം കരാർ ലംഘിച്ച കരാറുകാരനിൽ നിന്നും അവശേഷിക്കുന്ന തുകയുടെ 30% തുക പിഴ ഇനത്തിൽ ഈടാക്കേണ്ടതാണ്.

## 1-35 പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (കൈ)നം.86/2022/തസ്വഭവ തീയതി 19-04-2022 സർക്കാർ ഉത്തരവ് ഖണ്ഡിക 14-4 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന് പുറമേ പൊതു മരാമത്ത് മാന്വൽ അനുശാസിക്കും പ്രകാരമുള്ള മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കേണ്ടതുണ്ട്. ആയതിന്റെ തുടക്കമെന്ന നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആകെ പ്രൊജക്ടുകളുടെ ഒരു ശതമാനം

പ്രൊജക്ടുകൾ റാൻഡം രീതിയിൽ തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിച്ച പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തേണ്ടതുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/11-1-24) മറുപടിയായി 2022-23 വർഷത്തിൽ ഗുണനിലവാര പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിച്ച നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-36 ആസ്തികളുടെ സംരക്ഷണം - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

സ.ഉ.(കൈ)നമ്പർ 86/2022 ത സ്വ ഭ വ 19.04.2022 തീയതിയിലെ പദ്ധതി മാർഗ രേഖ ഖ.6.8 അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽ നോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. എന്നാൽ നഗരസഭയിൽ ഇപ്രകാരം പദ്ധതി രൂപീകരിച്ചിട്ടില്ല .കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കണമെന്ന് സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ കൈവശമുള്ള ആസ്തികളുടെ ശരിയായ കണക്ക് ഉണ്ടാക്കുന്നതിനും അവയുടെ കൃത്യമായ പരിപാലനം ഉറപ്പു വരുത്തുന്നതിനും ഇത് അത്യാവശ്യമാണ്. എന്നാൽ ആസ്തികളുടെ അപ്ഡേഷൻ വരുത്തിയതായി കാണുന്നില്ല. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി ഐ എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തികൊണ്ട് ആസ്തികളുടെ ഡിജിറ്റൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതാണ്. ഇക്കാര്യത്തിൽ നഗരസഭയുടെ ശ്രദ്ധ പതിയണമെന്നും ആസ്തികളുടെ ശരിയായ സൂക്ഷിപ്പും പരിപാലനവും ഉറപ്പ് വരുത്തണമെന്നും ഓഡിറ്റ് നിർദ്ദേശിക്കുന്നു.

ആസ്തി സംരക്ഷണവുമായി ബന്ധപ്പെട്ട താഴെ ചേർക്കും പ്രകാരമുള്ള നടപടികളും സ്വീകരിച്ചതായി കാണുന്നില്ല

1) ആസ്തി പരിപാലന കമ്മറ്റി രൂപീകരിച്ചിട്ടില്ല.

2) നഗരസഭയുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റോഡ് രജിസ്റ്ററും റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3) നഗരസഭയിലെ പുറമ്പോക്ക് ഭൂമി സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമിയ്ക്ക് ഏതു വർഷം വരെ അടിസ്ഥാനഭൂനികുതി ഒടുക്കിയിട്ടുണ്ട് എന്നതു സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (9/8-1-24) നൽകിയ മറുപടി പൂർണ്ണമല്ല. ആസ്തി സംരക്ഷണവുമായി ബന്ധപ്പെട്ട് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-37 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം -സർക്കാർ ഉത്തരവിനു വിരുദ്ധമായി അധികം ചെലവഴിച്ച ₹4,69,300 നിരാകരിക്കുന്നു.

നഗരസഭയിലെ എസ്.സി വിഭാഗത്തിൽപ്പെട്ട 50 വിദ്യാർത്ഥികൾക്ക് മേശയും കസേരയും അംഗീകൃത ഏജൻസികളിൽ നിന്നോ, ടെൻഡർ നടപടി ക്രമങ്ങൾ പ്രകാരമോ വാങ്ങി സർക്കാർ മാനദണ്ഡമനുസരിച്ച് വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച പ്രോജക്ട് ആണിത്. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി/പ്രോജക്ട് ഓഫീസർ , നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| പ്രോജക്ട് നമ്പർ, പേര് | 47/23, പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം |
| അടങ്കൽ | ₹ 600000 (വികസന ഫണ്ട്, എസ്.സി.പി) |
| ചെലവ് | ₹599300 |
| ബിൽ നമ്പർ, തീയതി | 322/28.03.2023 |

മേൽ പ്രോജക്ട് പ്രകാരം ടെൻഡർ നടപടിക്രമങ്ങൾ അനുസരിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (23.02.2023 ലെ കൗൺസിൽ യോഗ തീരുമാനം.നം.22) ആസിം ഡിസൈനിംഗ് & ഇന്റീരിയേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തീരുമാനിക്കുകയും, 16.02.2022ലെ കൗൺസിൽ തീരുമാനം നമ്പർ 3 പ്രകാരം നഗരസഭ പരിധിയിൽ അർഹരായ എസ്.സി വിഭാഗം ഗുണഭോക്താക്കളുടെ എണ്ണം കുറവായതിനാൽ പ്രോജക്ടിൽ വകയിരുത്തിയ തുക ഉപയോഗിച്ച് ഗുണ നിലവാരമുള്ളതും ഈടുനിൽക്കുന്നതുമായ ഫർണിച്ചറുകൾ അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും (ഇൻവോയിസ് നം. 471/27.03.2023 ) ഫർണിച്ചറുകൾ

വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 26 വിദ്യാർത്ഥികൾക്കാണ് ഫർണിച്ചറുകൾ വിതരണം ചെയ്തിട്ടുള്ളത്.

പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച സ.ഉ (കൈ) നം.115/2022 തീയതി 28.05.2022 ലെ ഖണ്ഡിക 7.2.6 പ്രകാരം പട്ടികജാതി പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്ക് മേശയും കസേരയും (മരം/സ്റ്റീൽ) വാങ്ങി നൽകാവുന്നതാണെന്നും, ഇതിനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് 5000 രൂപയും, പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്ക് 6000 രൂപയും എന്ന നിരക്കിലാണ് ചെലവഴിക്കാവുന്നത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള മേൽ പ്രോജക്ടിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത ഒരു മേശ ഒരു കസേര എന്നിവയുടെ വില ഒന്നിന് 23050 രൂപയാണ്. സർക്കാർ മാർഗ്ഗനിർദേശ പ്രകാരം അനുവദനീയമായ തുകയേക്കാൾ കൂടുതൽ (18050x26) ₹469300 അധികമായി ചെലവഴിച്ചിട്ടുണ്ട്.

2.പ്രോജക്ട് പ്രകാരം 50 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിനാണ് പ്രോജക്ടിൽ തുക വകയിരുത്തിയിട്ടുള്ളത് എന്നാൽ 26 പേർക്ക് മാത്രമാണ് ആനുകൂല്യം അനുവദിച്ചത്.

3.വാങ്ങൽ നടപടികളിൽ പ്രക്യൂർമെന്റ് കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല

4. കൗൺസിൽ തീരുമാനം (3/16.2.2023) സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.

5. പ്രോജക്ട് തയ്യാറാക്കുമ്പോഴോ അംഗീകാരം നൽകുമ്പോഴോ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനോ, അംഗീകാരം നൽകിയ ജില്ലാ പട്ടികജാതി വികസന ഓഫീസറോ പ്രോജക്ട് സബ്സിഡി മാർഗ്ഗരേഖ ലംഘനമാണെന്ന് പരാമർശിച്ചിട്ടില്ല. പകരം ഈ പ്രോജക്ട് നിയമാനുസൃതവും, മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതവും, സബ്സിഡി നിരക്ക് യൂണിറ്റ് കോസ്റ്റ് ഉൾപ്പെടെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുകയാണ് ചെയ്തത്. പ്രോജക്ട് തയ്യാറാക്കി അംഗീകാരത്തിനായി നൽകിയ നിർവ്വഹണ ഉദ്യോഗ്സഥൻ, പ്രോജക്ട് സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമാണ് എന്ന് സാക്ഷ്യപ്പെടുത്തി നൽകിയിതു മൂലമാണ് സർക്കാർ ഉത്തരവിന് വിരുദ്ധമായ ഈ അധിക ചെലവ് സംഭവിച്ചത്.

മേൽ അപാകങ്ങളുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.14/09.01.2024) മറുപടിയായി പ്രോജക്ട് പ്രകാരം 50 പേർക്ക് നൽകാവുന്ന അപേക്ഷകരിൽ അർഹരായവർ 26 പേർ മാത്രമാണ് ഉണ്ടായതെന്നും അതിനാലാണ് 16.02.2023 ലെ കൗൺസിലിന്റെ 03 നമ്പർ തീരുമാന പ്രകാരം വകയിരുത്തിയ തുക വിനിയോഗിച്ച് ഗുണമേൻമയുള്ള ഫർണ്ണിച്ചർ വാങ്ങിയത് എന്നറിയിച്ചിട്ടുണ്ടെങ്കിലും പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായുള്ള ചെലവ് ആയതിനാൽ ₹469300 യുടെ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് പലിശ സഹിതം ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്. (ഭാഗം 3-2 കാണുക)

## 1-38 എസ്.സി വിഭാഗത്തിന് വീട് റിപ്പേർ -എസ്റ്റിമേറ്റ് ലഭ്യമാക്കിയില്ല ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി/പ്രോജക്ട് ഓഫീസർ , നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| പ്രോജക്ട് നമ്പർ, പേര് | 49/23, എസ്.സി വിഭാഗത്തിന് വീട് റിപ്പേർ |
| അടങ്കൽ | ₹100000(വികസന ഫണ്ട് ( ടി.എസ്.പി) |
| ചെലവ് | ₹ 425366 |
| തുക, ബിൽ നം. തീയതി. | ₹400000 229/09.03.2023<br>₹25366 318/28.03.2023<br>₹ 425366 |

മേൽ പ്രോജക്ട് പ്രകാരം 8 ഗുണഭോക്താക്കൾക്കാണ് ഭവന പുനരുദ്ധാരണ പ്രവൃത്തികൾക്കായി ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.

സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022തീയതി 28.05.2022 ലെ ഖണ്ഡിക 6.7.4 പ്രകാരം ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി കരാറിൽ ഏർപ്പെട്ടതിനുശേഷം 50% തുക മുൻകൂർ ആയി നൽകാവുന്നതാണ് എന്ന്

വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മുൻകൂറായി ₹50000 വീതം കൈപ്പറ്റിയ നാണി.സി, ശാന്ത.കെ എന്നിവരുടെ എസ്റ്റിമേറ്റ്, ഫയലിൽ ഇല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (29/11.01.2024) മറുപടി പ്രകാരം എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ ഗുണഭോക്താക്കൾ ഇതുവരെയായി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാക്കി എഞ്ചിനിയറുടെ വാല്വേഷൻ സർട്ടിഫിക്കറ്റ്, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-39 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം- -പ്രോജക്ട് നടത്തിപ്പിലെ അപാകം ₹4,69,080 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉന്നത കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ലാപ്പ്ടോപ്പ് വിതരണം ചെയ്യുന്നതിന് രൂപീകരിച്ച പ്രോജക്ട് ആണിത്. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി/പ്രോജക്ട് ഓഫീസർ , നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| പ്രോജക്ട് നമ്പർ, പേര് | 51/23, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം |
| അടങ്കൽ | ₹500000(വികസനഫണ്ട്.(എസ്.സി.പി) |
| ചെലവ് | ₹469080 |
| ബിൽ നമ്പർ, തീയതി | 220/09.03.2023 |

പ്രോജക്ട് പ്രകാരം 12 ലാപ്പ്ടോപ്പുകൾ ടെൻഡർ നടപടിക്രമങ്ങൾ പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത "കുമാർ ഐ ടി, എസ്.എൻ പാർക്ക് റോഡ് കണ്ണൂർ" എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.ലാപ്പ്ടോപ്പ് കൈപ്പറ്റിയ 12 ഗുണഭോക്താക്കളുടെയും അവർ പഠിക്കുന്ന സ്ഥാപനമേധാവിയിൽ നിന്നുള്ള സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല

2.സി.ജി.എസ്.ടി ആക്ട് **2017**, എസ്.ജി.എസ്.ടി ആക്ട് **2017** എന്നിവയിലെ വകുപ്പ് **51(1)** പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രകാരം ലാപ്പ്ടോപ്പ് പർച്ചേസ് ചെയ്ത സ്ഥാപനമായ "കുമാർ ഐ.ടി" എന്ന സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും 2% GST-TDS കുറവു വരുത്തിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(30/11.1.2024) മറുപടിയായി പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രമായി ഐഡി കാർഡ് സമർപ്പിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചത് . ആയത് അംഗീകരിക്കുന്നില്ല. 2022-23 പഠിച്ച കാലയളവിലെ സ്ഥാപന മേധാവിയിൽ നിന്നുള്ള സാക്ഷ്യ പത്രം ലഭ്യമാക്കാത്തതിനാൽ 469080 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-40 ബാലസഭ- പ്രവർത്തനം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായുള്ള ₹127985 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജന സെൽ |
| പ്രോജക്ട് നമ്പർ/പേര് | SO-16/23 - ബാലസഭ |
| അടങ്കൽ | ₹1,27,985<br>(വികസന ഫണ്ട് ജനറൽ) |
| ചെലവ് | ₹1,27,985<br>(വികസന ഫണ്ട് ജനറൽ) |
| ബിൽ റഫറൻസ് നമ്പർ | 126/9.1.2023 |

2021-22 വർഷത്തെ ബാലസഭാ പ്രവർത്തനങ്ങളുടെ ചെലവ് സ്പിൽ ഓവർ പദ്ധതിയിൽഉൾപ്പെടുത്തി 2022-23 വർഷം താഴെ പറയും പ്രകാരം ₹127985 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| | | |
|---|---|---|
| 1 | ഫുട്ബോൾ/വോളിബോൾ പരിശീലനത്തിൽ പങ്കെടുത്ത കുട്ടികൾക്ക് ഭക്ഷണം | ₹ 102200 |
| 2 | 2022 മെയ്, ഡിസംബർ മാസങ്ങളിൽ സാഹിത്യ പരിശീലനം ക്ലാസ്സ് എടുത്തവർക്കുള്ള ഓണറേറിയം | ₹ 8000 |
| 3 | സാഹിത്യ പരിശീലനം-പുസ്തകം DTP& ബൈന്റിങ് ചാർജ് | ₹4175 |
| 4 | സ്റ്റേഷനറി | 4160 |
| 5 | സാഹിത്യ പരിശീലനത്തിൽ പങ്കെടുത്ത കുട്ടികൾക്ക് ഭക്ഷണം | 9450 |
| | ആകെ | 127985 |

മേൽ പദ്ധതിക്കായി 2021-22 വർഷം 350000 രൂപ വകയിരുത്തുകയും അതിൽ 222015 രൂപ ആ വർഷവും ബാക്കി വന്ന 127985രൂപയുടെ ചെലവ് 2022-23 വർഷം സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിക്കായി ആകെ 350000 രൂപ ചെലവഴിച്ചിട്ടുമുണ്ട്. സ.ഉ.(കൈ)22/18/ത.സ്വ.ഭ.വ, തീയതി 14-02-2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.17 പ്രകാരം ബാലസഭാ പ്രവർത്തനങ്ങൾക്ക് വാർഡ് ഒന്നിന് ₹1,500യും മുനിസിപ്പൽ തലത്തിൽ ₹50,000യും ചെലവഴിക്കാനാണ് അനുമതിയുള്ളത്. ഇതു പ്രകാരം മട്ടന്നൂർ നഗരസഭയിൽ വാർഡ് ഒന്നിന് ₹1500 നിരക്കിൽ മുപ്പത്തഞ്ച് വാർഡുകളിലുമായി ആകെ ₹52500യും മുനിസിപ്പൽ തലത്തിൽ ₹50000യും ചേർത്ത് ₹102500 ചെലവഴിക്കാൻ മാത്രമാണ് അനുമതിയുള്ളത്. എന്നാൽ മേല്പറഞ്ഞ പ്രോജക്ടിൽ 2021-22 വർഷം ₹222015 ചെലവഴിക്കുകയും ₹119515 രൂപ അധികമായി ചെലവഴിച്ചതുമായി ബന്ധപ്പെട്ട വിഷയം 2021-22 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 2022-23 വർഷം ചെലവഴിച്ച ₹127985 യുടെയും അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിനുള്ള (47/15-01-2024) മറുപടിയിൽ വാർഡുകളിൽ പ്രത്യേകം പ്രത്യേകമായി നടപ്പിലാക്കേണ്ട പദ്ധതി എന്നതിലുപരി നഗരസഭയിലെ കലാ-കായിക മേഖലകളിൽ തല്പരരായ കുട്ടികൾക്ക് വിവിധ കായിക പരിശീലനവും ശില്പശാലയും പ്രസംഗ പരിശീലനവും നടപ്പിലാക്കിയെന്നാണ് അറിയിച്ചിട്ടുള്ളത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായുള്ള ചെലവായതിനാൽ ₹127985 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-41 വിവിധ സംരംഭ / യൂണിറ്റുകൾക്ക് വായ്പ ബന്ധിത സബ്സിഡി അനുവദിക്കൽ- അപാകം - 18,10,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ – മെമ്പർ സെക്രട്ടറി/പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ, മട്ടന്നൂർ നഗരസഭയിലെ കുടുംബശ്രീയിൽ ഉൾപ്പെട്ട 7 വനിത ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിവിധ പ്രോജക്ടുകൾ പ്രകാരം താഴെ പറയും പ്രകാരം 18,10,000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട് .വിശദ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നം | പ്രോജക്ടിന്റെ പേരും നമ്പറും | സംരംഭത്തിന്റെ പേര് | ബാങ്ക് ലോൺ (₹) | അടങ്കൽ (₹) ഫണ്ടിനം | അനുവദിച്ച ധനസഹായം(₹), ബിൽ നമ്പർ തീയതി | സബ് സിഡി കൈമാറിയ ബാങ്ക് (സംരംഭങ്ങൾക്ക് ലോൺ അനുവദിച്ച ബാങ്ക്) |
|---|---|---|---|---|---|---|
| 1 | 378/23വനിത കിയോസ്ക് അടങ്കൽ 200000 വികസന ഫണ്ട് (ജനറൽ) | ലഘു പാനീയ വിപണനം | 400000 | 200000 (വികസനഫണ്ട്-ജനറൽ) | 200000 317/28.03.2023 | കോളാരി സർവീസ് സഹകരണ ബാങ്ക് |
| 2 | 17/23ലഘു പാനീയങ്ങളുടെ | ടി | 420000 | 210000 (വികസനഫണ്ട്- | 210000 231/15.03.2023 | കോളാരി സർവീസ് |

| | | | | | | |
|---|---|---|---|---|---|---|
| | ഉല്പാദനവും വിപണനവും (SO) അടങ്കൽ 210000 വികസന ഫണ്ട് (ജനറൽ) | | | ജനറൽ ) | | സഹകരണ ബാങ്ക് |
| 3 | 214/23 കോസ്മെറ്റിക്ക് കോസ്റ്റ്യൂംയൂണിറ്റ് അടങ്കൽ 150000 വികസന ഫണ്ട് (ജനറൽ) | രംഗശ്രീ കോസ്റ്റ്യൂംസ് | 300000 | 1,50,000 (വികസനഫണ്ട്-ജനറൽ) | 1,50,000 286/28.03.2023 | പൊറോറ സർവീസ് സഹകരണ ബാങ്ക് |
| 4 | 209/23 കുടുംബശ്രീ കഫേ അടങ്കൽ 600000 വികസന ഫണ്ട് (ജനറൽ) | രുചി കുടുംബശ്രീ കഫേ | 600000 | 300000 (വികസനഫണ്ട്-ജനറൽ) | 300000 228/15.03.2023 | നെല്ലൂന്നി വനിത കോ-ഓപ്പ് സൊസൈറ്റി |
| | | ശ്രീലക്ഷ്മി ഹോട്ടൽ | 600000 | 300000 (വികസനഫണ്ട്-ജനറൽ) | 287/28.03.2023 | പൊറോറ സർവീസ് സഹകരണ ബാങ്ക് |
| 5 | 319/23വനിതകളുടെ ഹൗസ് കീപ്പിങ് യൂണിറ്റ് അടങ്കൽ 300000 വികസന ഫണ്ട് (ജനറൽ) | മിത്രം ഹൗസ് കീപ്പിങ് യൂണിറ്റ് | 400000 | 200000 (വികസനഫണ്ട്-ജനറൽ) | 200000 288/28.03.2023 | പൊറോറ സർവീസ് സഹകരണ ബാങ്ക് |
| 6 | 202/23പോഷക ഉല്പാദന യൂണിറ്റ് അടങ്കൽ 300000 വികസന ഫണ്ട് (ജനറൽ) | ഗ്രാൻമ ഫ്ലോർ മിൽ | 600000 | 300000 (വികസനഫണ്ട്-ജനറൽ) | 300000 234/15.03.2023 | പൊറോറ സർവീസ് സഹകരണ ബാങ്ക് |
| 7 | 362/23 കുടുംബശ്രീ ഗ്രഹോപകരണങ്ങളുടെ വിപണന കേന്ദ്രം അടങ്കൽ 300000 വികസന ഫണ്ട് (ജനറൽ) | ദി ലൈഫ് ഗ്രഹോപകരണ വിപണന കേന്ദ്രം | 600000 | 300000 (വികസനഫണ്ട്-ജനറൽ) | 300000 233/15.03.2023 | കോളാരി സർവീസ് സഹകരണ ബാങ്ക് |
| 8 | 315/23വനിതാ സംരംഭകർക്ക് കോഴി ഫാം അടങ്കൽ 150000 (വികസന ഫണ്ട്. ജനറൽ) | നീതി ചിക്കൻ ഫാം | 300000 | 150000 (വികസനഫണ്ട്-ജനറൽ | 150000 230/15.03.2023 | കോളാരി സർവീസ് സഹകരണ ബാങ്ക് |

പ്രോജക്ട് നടത്തിപ്പിലെ വിവിധ അപാകങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (51/16.1.2024) ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് ലഭ്യമായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും സംരംഭങ്ങൾക്ക് ലൈസൻസ് ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. സംരംഭങ്ങൾക്ക് ലൈസൻസ് ലഭിച്ചതിന്റെ രേഖകളും, മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കാത്തിതിനാൽ 18,10,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-42 ഭവന നിർമ്മാണം പൂർത്തിയാക്കാത്തത് -സംബന്ധിച്ച്

മുൻ വർഷങ്ങളിൽ ഭവനനിർമ്മാണത്തിനായി ആനുകൂല്യം കൈപ്പറ്റിയ താഴെപറയുന്ന ഗുണഭോക്താക്കൾ 2022-23 സാമ്പത്തിക വർഷം വരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്നാണ് ഭവന നിർമ്മാണ പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ നം | പേര് | എഗ്രിമെന്റ് വെച്ച | ആദ്യ ഗഡു കൈപ്പറ്റിയ | അവസാനമായി കൈപ്പറ്റിയ തുക (₹), | നാളിതു വരെ |
|---|---|---|---|---|---|

| | | തീയതി | തീയതി | കൈപ്പറ്റിയ തീയതി പൂർത്തീകരിച്ച ഘട്ടം | കൈപ്പറ്റിയ ആകെ തുക (₹) |
|---|---|---|---|---|---|
| 1 | എം.കെ ഓമന | 19.10.20 | 40000/01.12.20 | 80000/04.12.2022 മേൽക്കൂര | 3,60,000 |
| 2 | ആതിര.എൻ | 09.10.20 | 40000/01.12.20 | 80000/30.08.22 | 360000 |
| 3 | എ.കെ ശാരദ | 11.12.20 | 40000/08.01.21 | 80000/30.08.22 മേൽക്കൂര | 360000 |
| 4 | സി.ഉഷ | 27.10.20 | 40000/01.12.20 | 80000/30.08.22 മേൽക്കൂര | 360000 |
| 5 | ആലക്കണ്ടി ചന്ദ്രിക | 05.10.20 | 40000/24.11.20 | 80000/14.12.22 | 360000 |
| 6 | ആയിഷ.പി | 08.10.20 | 40000/01.12.20 | 160000/29.03.21 മേൽക്കൂര | 200000 |
| 7 | റിജേഷ്.കെ.വി | 11.12.20 | 4000/08.01.21 | 80000/14.12.22 മേൽക്കൂര | 360000 |
| 8 | പി.സജിത | 15.09.20 | 40000/24.11.20 | 160000/22.06.21 മേൽക്കൂര | 360000 |
| 9 | അജിത എം | 9.12.20 | 40000/0801.21 | 80000/22.06.21 മേൽക്കൂര | 360000 |
| 10 | ശോഭന വി | 13.11.20 | 40000/18.12.20 | 80000/19.09.22 മേൽക്കൂര | 360000 |
| 11 | ശോഭന കെ | 4.2.21 | 40000/24.2.21 | 80000/14.12.22 ലിന്റൽ പൂർത്തീകരിച്ചു | 200000 |
| 12 | ബിജു.തെരുവത്ത് | 5.10.20 | 40000/01.12.20 | 160000/03.05.21 തറ നിർമ്മാണം പൂർത്തീകരിച്ചു | 200000 |
| 13 | പ്രസീത.കെ | 10.11.20 | 40000/01.12.20 | 80000/14.12.22 മേൽക്കൂര പൂർത്തീകരിച്ചു | 360000 |
| 14 | പ്രസന്ന.എം.വി | 10.11.20 | 40000/18.12.20 | 160000/29.03.21 തറ നിർമ്മാണം പൂർത്തീകരിച്ചു | 200000 |
| 15 | പ്രസീത .പി.എം | 10.11.20 | 40000/18.12.20 | 80000/04.12.22മേൽക്കൂര പൂർത്തീകരിച്ചു | 360000 |
| 16 | റംല .വി.പി | 22.10.20 | 40000/01.12.2020 | 80000/14.12.2022 മേൽക്കൂര പൂർത്തീകരിച്ചു | 360000 |
| 17 | പങ്കജാക്ഷി അമ്മ.സി | 15.9.20 | 40000/01.12.20 | 80000/14.12.22 മേൽക്കൂര പൂർത്തീകരിച്ചു | 360000 |
| 18 | സനീറ.ഇ.കെ | 22.10.20 | 40000/01.12.20 | 80000/14.12.22 മേൽക്കൂര പൂർത്തീകരിച്ചു | 360000 |
| 19 | രത്നകുമാരി.സി | 13.11.20 | 40000/01.12.20 | 80000/14.12.22 മേൽക്കൂര പൂർത്തീകരിച്ചു | 360000 |
| 20 | കെ.കെ ശാന്ത | 23.11.20 | 40000/01.12.20 | 160000/22.06.21 മേൽക്കൂര പൂർത്തീകരിച്ചു | 200000 |
| 21 | ഷീബ.എൻ.പി | 18.1.21 | 40000/01.12.20 | 80000/30.03.23 മേൽക്കൂര പൂർത്തീകരിച്ചു | 200000 |
| 22 | ഉമീറ എൻ.പി | 5.10.20 | 40000/01.12.20 | 80000/14.12.22 മേൽക്കൂര പൂർത്തീകരിച്ചു | 360000 |

ഭവന നിർമ്മാണം പൂർത്തിയാക്കാത്ത മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-43 കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്ന് മുഴുവൻ മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടില്ല – ₹42,31,644 യുടെ ചെലവ് തടസപ്പെടുത്തുന്നു

2022-23 വർഷം മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മട്ടന്നൂർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക മുൻകൂർ നൽകിയിട്ടുണ്ട്. മിക്ക പ്രോജക്ടുകളിലും നാളിതുവരെയായിട്ടും മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

I)

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 1 | 25/2023,<br>അർബൻ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്നും മറ്റും വാങ്ങൽ | 50,000<br>(മെയിന്റനൻസ് നോൺ റോഡ് ) | 50,000<br>(മെയിന്റനൻസ് നോൺ റോഡ് ) |
| 2 | 6/2023,<br>അർബൻ ഡയാലിസിസ് സെന്ററിന് മരുന്നും മറ്റും വാങ്ങൽ | 7,22,015<br>(വികസന ഫണ്ട്, ജനറൽ )<br>4,50,0000<br>(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)<br>ആകെ – 5222015 | 7,22,015<br>(വികസന ഫണ്ട്, ജനറൽ )<br>3847623<br>(മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്)<br>ആകെ – 4569638 |
| 3 | 23/2023,<br>സാമൂഹികാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ | 16,50,000<br>(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ) | 16,49,746<br>(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ) |

A)ക്രമനമ്പർ 1 പദ്ധതി നടത്തിപ്പിനായി ആകെ ₹50,000 കേരള മെഡിക്കൽ കോർപ്പറേഷന് മുൻകൂർ നൽകിയിട്ടുണ്ട് (BRF No.222014700220106534‌8/19-01-2023,PRF2837/8-12-2022). പ്രസ്തുത തുകയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

B)ക്രമ നമ്പർ 2 പദ്ധതി നടത്തിപ്പിനായി ആകെ ₹4569638 കേരള മെഡിക്കൽ കോർപ്പറേഷന് മുൻകൂർ നൽകിയിട്ടുണ്ട് .ആയതിൽ PRF6543/5-03-2022 പ്രകാരമുള്ള ₹722015 യുടെ മരുന്നും (BRF No:2220147002200124784/23-05-2022-₹722015), PRF789/26-07-2022 പ്രകാരമുള്ള ₹284147 യുടെ മരുന്നും(BRF No.2220147002200815884/24-11-2022 പ്രകാരമുള്ള ആകെ ബിൽ തുക ₹957248 യിൽ ₹673101 യുടെ മരുന്നുകൾ ലഭിച്ചു), PRF4296/8-02-2023 പ്രകാരമുള്ള ₹848549 യുടെ മരുന്നും (BRF No:2220147002201202675/16-02-2023-₹848549), PRF2975/14-12-2022 പ്രകാരമുള്ള ₹945470 യുടെ മരുന്നും (BRFNo.2220147002200937813/21-12-2022-₹945470), PRF5562/20-03-2022 പ്രകാരമുള്ള ₹687989 യുടെ മരുന്നും (BRF No.2220147002201549266/29-03-2023-₹687989), PRF5791/27-03-2023 പ്രകാരമുള്ള ₹408367 യുടെ മരുന്നും (BRF No.2220147002201549274/29-03-2023-₹408367 ) നാളിതുവരെ ലഭ്യമായിട്ടില്ല.

C)ക്രമ നമ്പർ 3 പദ്ധതി നടത്തിപ്പിനായി ആകെ ₹16,49,746 കേരള മെഡിക്കൽ കോർപ്പറേഷന് മുൻകൂർ നൽകിയിട്ടുണ്ട്. ആയതിൽ PRF2441/21-11-2022 പ്രകാരമുള്ള ₹274850 യുടെ മരുന്നുകൾ (BRF No.2220147002200849876/1-12-2022, ആകെ ബിൽ തുക ₹853896 യിൽ ₹579046 യുടെ മരുന്നുകൾ ലഭിച്ചു) നാളിതുവരെ ലഭ്യമായിട്ടില്ല.

II)

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി മട്ടന്നൂർ |
| പ്രോജക്ട് നമ്പർ/പേര് | 27/2023 – പാലിയേറ്റീവ് കെയർ |
| അടങ്കൽ | ₹14,21,000<br>(വികസന ഫണ്ട് ജനറൽ) |
| ചെലവ് | ₹13,00,136<br>(വികസന ഫണ്ട് ജനറൽ) |

A)മേൽ പദ്ധതി നടത്തിപ്പിനായി PRF3293/30-12-2022 പ്രകാരമുള്ള മരുന്നുകൾ വാങ്ങുന്നതിനായി ആകെ ₹130976 കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂർ നൽകിയിട്ടുണ്ട് (BRF No.222014700220120264/16-02-2023). ആയതിൽ ₹95 യുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല (ആകെ ₹1,30,881 യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട് (TAX Invoice No:6311/27-05-2023 – ₹20363,9391/16-06-2023 – ₹24704, 9876/19-06-2023 – ₹51005, 21674/25-11-2023– ₹1829, 24468/ 6-01-2024 – 32980).

B)മേൽ പദ്ധതി നടത്തിപ്പിനായി PRF4751/25-02-2023 പ്രകാരമുള്ള ഉപകരണങ്ങൾ (BP APPARATUS DIGITAL – 2 Nos, NEBULIZER – 2 Nos,OXYGEN CONCENTRATOR – 3 Nos) വാങ്ങുന്നതിനായി ആകെ ₹138902 കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂർ നൽകിയതിന്റെ അടിസ്ഥാനത്തിൽ (BRF No.2220147002201370970/16-03-2023) പ്രസ്തുത ഉപകരണങ്ങൾ (Tax Invoice No. 7911/6-06-2023 – ₹126438,12353/11-07-2023 – ₹2302 ആകെ = ₹128740പ്രകാരം) മുഴുവനായും ലഭ്യമാക്കിയിട്ടുണ്ട്. ഉപകരണങ്ങൾ മുൻകൂർ നൽകിയ തുകയെക്കാളും കുറഞ്ഞ നിരക്കിൽ ലഭ്യമായ സാഹചര്യത്തിൽ അധികം നൽകിയ മുൻകൂർ തുക ₹10162 (₹138902-₹128740) തിരികെ ഈടാക്കേണ്ടതാണ്. എന്നാൽ ആയത് ഈടാക്കിയിട്ടില്ല.

പ്രസ്തുത അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (52/16-01-2024) മേൽ പദ്ധതികൾ പ്രകാരം ലഭിക്കുവാൻ ബാക്കിയുള്ള മരുന്നുകൾ/ഉപകരണങ്ങൾ താമസംവിനാ ലഭ്യമാക്കുന്നതിനും പാലിയേറ്റീവ് കെയർ പദ്ധതി (പ്രോജക്ട് നമ്പർ:27/2023) നടത്തിപ്പിനായി PRF4751/25-02-2023 പ്രകാരമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി മുൻകൂർ നൽകിയതിൽ അധികം വന്ന തുകയ്ക്ക് കണക്കായി ഗ്ലുക്കോമീറ്റർ, സ്ട്രിപ്പ്, ലാൻസെർ എന്നിവ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് കത്ത് (ലെറ്റർ നം.1030/2023, Dt:25-08-2023) നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാകാത്തതിനാൽ ടി ഇനത്തിലെ ₹4231644 യുടെ (50000+3896537+274850+95+10162) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് പർച്ചേസ് ബില്ലുകളും സ്റ്റോക്ക് എൻട്രി നടത്തിയതിന്റെ വിവരങ്ങളും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-44 എസ്.എസ്.എ വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം,പ്രവർത്തന വിശദാംശം എന്നിവ ലഭ്യമാക്കിയിട്ടില്ല -₹15,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ ,<br>ഗവൺമെന്റ് യു.പി സ്കൂൾ |
| പ്രോജക്ട് നമ്പർ/പേര് | 207/23 – എസ്.എസ്.എ വിഹിതം |
| അടങ്കൽ | ₹15,00,000<br>(വികസന ഫണ്ട് ജനറൽ) |
| ചെലവ് | ₹15,00,000<br>(വികസന ഫണ്ട് ജനറൽ) |
| ബിൽ റഫറൻസ് നമ്പർ /തുക | 2220147002300852550/2-12-2022 – ₹15,00,000 |

മേൽ പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു

A)19-04-2022 ലെ സ.ഉ(കൈ) 84/2022/ത.സ്വ.ഭ.വ. നമ്പറായുള്ള പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6.(3) പ്രകാരം എസ്.എസ്.കെ.യ്ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതുണ്ട്. നഗരസഭയിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ. പദ്ധതിയിലേയ്ക്ക് നഗരസഭ ശിപാർശ ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കിയില്ല

B)പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6.(4) പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എസ്.എസ്.കെ പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം (വിനിയോഗ സാക്ഷ്യ പത്രം), ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശ

ഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്. നഗരസഭ പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ നഗരസഭ വിഹിതം മേൽ ബിൽ മുഖാന്തിരം എസ്.എസ്.കെ.യ്ക്ക് കൈമാറിയിട്ടുണ്ട് (District Project Officer SSK Kannur-ന്റെ 1139101070109 എന്ന അക്കൗണ്ട് നമ്പറിൽ). എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ (വിനിയോഗ സാക്ഷ്യപത്രം,ഓരോ സ്കൂളിലും നടത്തിയ പ്രവർത്തനങ്ങളുടെ വിശദ വിവരം) ലഭ്യമാക്കിയിട്ടില്ല (2022-23-ലെ മൊത്തം പ്രവർത്തന കലണ്ടർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്) .

പ്രസ്തുത രേഖകൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.39/12-01-2024) മറുപടി നൽകിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പ്രവർത്തന റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ ₹15,00,000 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-45 തുടർ സാക്ഷരത പദ്ധതി-വിശദവിവരം ലഭ്യമാക്കിയില്ല - ₹ 1,49,850 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ ,<br>ഗവൺമെന്റ് യു.പി സ്കൂൾ,<br>മട്ടന്നൂർ |
| പ്രോജക്ടിന്റെ നമ്പർ /പേര് | 30/23 – തുടർ സാക്ഷരത |
| അടങ്കൽ | ₹ 1,50,000,<br>(വികസന ഫണ്ട്- പൊതുവിഭാഗം) |
| ചെലവ് | ₹ 1,49,850<br>ബിൽ നം : 2220147002300052413/25-4-22 |

മേൽ പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു

A)പദ്ധതി പ്രകാരം 10-ാം തരം തുല്യതയുടെ 31 പഠിതാക്കളുടെയും ഹയർ സെക്കന്ററി വിഭാഗത്തിലെ 37 പഠിതാക്കളുടെയും രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നീ ഇനത്തിലായി ആകെ ₹149850(57350+92500) കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടർക്ക് അനുവദിച്ചിട്ടുണ്ട്. തുക കൈപ്പറ്റിയത് സംബന്ധിച്ച് സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും അനുവദിക്കുന്ന ഒറിജിനൽ രശീതി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

B)പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖ സ.ഉ (കൈ)നം 115/22/തസ്വഭവ തീയതി 28-5-22 ഖണ്ഡിക 7.4.5 പ്രകാരം സംസ്ഥാന സാക്ഷരത മിഷന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് തുല്യത പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് തുടങ്ങിയവ അടവാക്കുന്നതിന് എല്ലാ തലത്തിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്. കേരള സാക്ഷരത മിഷന്റെ പത്താം തരം,ഹയർ സെക്കന്ററി തുല്യത കോഴ്സുകളുടെ പ്രോസ്പെക്ട് പ്രകാരം പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിൽ പെടുന്ന പഠിതാക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം കോഴ്സ് ഫീസ് അടവാക്കേണ്ടതില്ല. പ്രസ്തുത പദ്ധതി പ്രകാരം തുടർ സാക്ഷരത പ്രവർത്തനങ്ങൾക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള 68 പഠിതാക്കളുടെയും അപേക്ഷ ഫോറം, പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിൽ പെടുന്ന അപേക്ഷകർക്ക് ജാതി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കോഴ്സ് ഫീസ് ഒഴിവാക്കി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

C)ഗുണഭോക്താക്കൾ പരീക്ഷ എഴുതിയതിന്റെയും കോഴ്സ് പൂർത്തിയാക്കിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

D)പദ്ധതി മോണിറ്ററിങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല

മേൽ പറഞ്ഞിരിക്കുന്ന അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 39/12-01-2024)മറുപടി നൽകിയിട്ടില്ല.പ്രസ്തുത രേഖകളുടെ അഭാവത്തിൽ ₹ 1,49,850യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.തുക കൈപ്പറ്റിയത് സംബന്ധിച്ച് സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും അനുവദിക്കുന്ന ഒറിജിനൽ രശീതി,അപേക്ഷകരുടെ കൃത്യമായ വിവരം (അപേക്ഷ ,ഗുണഭോക്താക്കൾ പരീക്ഷ എഴുതിയതിന്റെയും കോഴ്സ് പൂർത്തിയാക്കിയതിന്റെയും വിശദാംശങ്ങൾ), പദ്ധതി മോണിറ്ററിങ് റിപ്പോർട്ട് എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-46 മട്ടന്നൂർ ഗവ: യു.പി സ്കൂളിൽ കുഴൽ കിണർ നിർമ്മാണം തുക കൈമാറൽ - ചെലവ് രേഖകൾ/ മോണിറ്ററിങ് റിപ്പോർട്ട് ഹാജരാക്കിയില്ല ₹1,75,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ ,<br>ഗവൺമെന്റ് യു.പി സ്കൂൾ, |

| | |
|---|---|
| | മട്ടന്നൂർ |
| പ്രോജക്ട് നമ്പർ/പേര് | 321/23 – മട്ടന്നൂർ ഗവഃ യു.പി സ്കൂളിൽ കുഴൽ കിണർ നിർമ്മാണം തുക കൈമാറൽ |
| അടങ്കൽ | ₹1,75,000<br>(വികസന ഫണ്ട് ജനറൽ) |
| ചെലവ്/ബിൽ റഫറൻസ് നമ്പർ | ₹1,75,000<br>(വികസന ഫണ്ട് ജനറൽ)/<br>22220147002300852556/2-12-2022 |

മേൽ പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു

A)പദ്ധതി നിർവ്വഹണം നടത്തിയ സ്ഥലം (കുഴൽക്കിണർ നിർമ്മിച്ചത്), സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

B)പദ്ധതി നിർവ്വഹണം നടത്തിയ പ്രദേശത്ത് കുഴൽക്കിണർ നിർമ്മിച്ചാൽ ജലലഭ്യതയ്ക്ക് സാധ്യതയുണ്ട് എന്ന് വ്യക്തമാക്കുന്ന ഭൂജല വകുപ്പിൽ നിന്നുള്ള ഫീസിബിലിറ്റി, പ്രൊജക്റ്റ് എസ്റ്റിമേറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

C)പ്രവൃത്തിയുമായി ബന്ധപ്പെട്ട എം-ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

D)ഗവഃ യു.പി സ്കൂൾ മട്ടന്നൂരിന്റെ ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

E)ആകെ ചെലവ് തുകയിൽ ₹1,29,900 കുഴൽ കിണർ കുഴിച്ച ABC BORE WELL, മട്ടന്നൂർ എന്ന സ്ഥാപനത്തിനും, ₹37600 മോട്ടോർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിക്കുന്നതിനായി NEW STAR ELECTRICALS&PLUMBING, മട്ടന്നൂർ (ടാക്സ് ഇൻവോയ്സ് നം.32ACJPI8079C1ZO/16-03-2022) എന്ന സ്ഥാപനത്തിനും, ₹7500 പ്ലംബിംഗ് ജോലികൾ നിർവ്വഹിച്ച എ.കെ ശാന്തൻ എന്നിവർക്കും നൽകിയതിന്റെ വൗച്ചർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. കുഴൽ കിണർ നിർമ്മാണത്തിനായി ABC BORE WELL, മട്ടന്നൂർ എന്ന സ്ഥാപനത്തെയും, മോട്ടോർ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിക്കുന്നതിനായി NEW STAR ELECTRICALS&PLUMBING, മട്ടന്നൂർ എന്ന സ്ഥാപനത്തെയും, പ്ലംബിംഗ് ജോലികൾക്കായി എ.കെ ശാന്തൻ എന്നവരെയും തിരഞ്ഞെടുക്കുന്നതിന് അവലംബിച്ച നിർവ്വഹണ രീതി ഏതാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. [സ.ഉ (കൈ)നം 115/22/തസ്വഭവ തീയതി 28-5-22 ഖണ്ഡിക 2.20 പ്രകാരം നേരിട്ട് വാങ്ങുന്നതിന് അനുമതിയില്ലാത്ത ഇനങ്ങളുടെ വാങ്ങലുകൾക്ക് 8-11-2010ലെ ജി ഒ(പി)നം 259/2010/തസ്വഭവ തീയതി :8.11.2020 പ്രകാരമുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമായിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്].

F)ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ അധികമുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് വ്യക്തികൾക്ക് 1 ശതമാനവും മറ്റുള്ളവർക്ക് 2 ശതമാനം നിരക്കിലുമാണ്. മേൽ പദ്ധതി പ്രകാരം കുഴൽ കിണർ കുഴിച്ച ABC BORE WELL, മട്ടന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരമുള്ള ആദായ നികുതി ഈടാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 39/12-01-2024) മറുപടി ലഭ്യമാക്കുകയോ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്യാത്തതിനാൽ ₹1,75,000 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-47 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

നഗരസഭയിൽ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല .

1- സ്റ്റാഫ് മീറ്റിംഗ് രജിസ്റ്റർ ,

2-ഓഫീസ് ഉത്തരവ് രജിസ്റ്റർ,

3-ഇൻകമ്പൻസി രജിസ്റ്റർ

4-സ്റ്റാൻഡിംഗ് കമ്മിറ്റി &സ്റ്റിയറിംഗ് കമ്മിറ്റി മിനുട്ട്സ് (ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്ട്സ് 6/22ന് മുൻപുള്ളത്) ഹാജരാക്കാത്തത് എക്സിറ്റ് മീറ്റിംഗിൽ പരാമർശിച്ചതിനു ശേഷം വളരെ വൈകിയാണ് സമർപ്പിച്ചത്. അതിനാൽ യോഗം ചേർന്നതിന്റേയും തീരുമാനങ്ങളെടുത്തതിന്റേയും നിജസ്ഥിതി പരിശോധിക്കാനായിട്ടില്ല.

5-സ്ഥാപനത്തിലെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള ഗ്രാന്റ് രജിസ്റ്റർ

6-ഡെപ്പോസിറ്റ് രജിസ്റ്റർ

7-പെൻഷൻ ഫണ്ട് രജിസ്റ്റർ

മേൽ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-48 തനത് വരുമാനം - പൊതു അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ 2022-23 സാമ്പത്തിക വർഷത്തെ അവലോകന റിപ്പോർട്ട് താഴെ കൊടുക്കുന്നു.

നികുതി ഇനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, വിനോദ നികുതി നികുതിയേതര ഇനങ്ങളായ FTE & OS ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, ക്രമവൽക്കരണ ഫീസ്, കെട്ടിട വാടക എന്നിവയാണ് മുനിസിപ്പാലിറ്റിയുടെ പ്രധാന വരുമാന മാർഗങ്ങൾ.

**വസ്തുനികുതി**

സ.ഉ(കൈ)നം.77/2023/തസ്വഭവ തീയതി 22.03.23, എസ്.ആർ.ഒ.നം.480/2023 തീയതി 05.04.2023 എന്നിവ പ്രകാരം വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24 വർഷം പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ.(അച്ചടി)26/23 05-04-2023 തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം മുനിസിപ്പാലിറ്റി നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ കൌൺസിലിന്റെ 9.11.2023 തീയതിയിലെ 7(1) നമ്പർ തീരുമാന പ്രകാരം വസ്തുനികുതി നിരക്ക് അംഗീകരിക്കുകയും, ആർ1-4382/2023 തീയതി 20-11-2023 പ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മുനിസിപ്പാലിറ്റിയിൽ 2022-23 വർഷം മൊബൈൽ ടവറുകളുടേത് ഉൾപ്പെടെ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുവാൻ ബാക്കിയുണ്ട്.

**തൊഴിൽ നികുതി.**

സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, മുനിസിപ്പാലിറ്റിയിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, മുനിസിപ്പൽ പരിധിയിലുള്ള പൊതുവിതരണ കേന്ദ്രത്തിലെ വ്യാപാരികൾ തുടങ്ങിയവർ, സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

നഗരസഭയിൽ പരിപാലിക്കുന്ന തൊഴിൽ നികുതി രജിസ്റ്റർ അപൂർണമാണ്. സ്ഥാപനങ്ങളുടെ പേര്, ജീവനക്കാരുടെ ആകെ തൊഴിൽ നികുതി ഒടുക്കു വരുത്തിയ രശീത് നമ്പറുകൾ എന്നിവ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ പേര് , തസ്തിക, അർദ്ധവാർഷിക വരുമാനം, ഒടുക്കിയ തൊഴിൽ നികുതി മുതലായ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെയും റിട്ടേണുകളുടെയും ഡാറ്റാ ബേസിന്റെയും അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതും എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാ ബേസിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്.

**അനധികൃത നിർമ്മാണം**

നഗരസഭയുടെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരികയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 150 ആണ്. നഗരസഭയിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**FTE&OS ലൈസൻസ്**

മുനിസിപ്പാലിറ്റിയിൽ ലൈസൻസ് ഫീസിനത്തിൽ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. മൂലധന

നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പ് വരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടുതൽ തുക മുതൽ മുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ.**

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളുടേയും നിർമ്മാണത്തിനായി എൻ.ഒ.സി ലഭിച്ച കെട്ടിടങ്ങളുടെയും കാര്യത്തിൽ ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. വരവിനങ്ങളുടെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

6. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി മുനിസിപ്പാലിറ്റിയിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

7. വാടകയിൽ നിന്നുള്ള വരവ് 100% പിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സ.ഉ(കൈ)നം.86/22/തസ്വഭവ തീയതി 19/04/2022-ന്റെ ഖണ്ഡിക 5.1 ൽ വിഭവ സമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

## 1-49 നിക്ഷേപ പ്രവൃത്തി- പൊതു അവലോകനം

മട്ടന്നൂർ നഗരസഭ 2022-23 സാമ്പത്തിക വർഷം കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ കുഴൽകിണർ സ്ഥാപിക്കൽ എന്ന പ്രൊജക്റ്റ് പ്രകാരം 888860 രൂപ കണ്ണൂർ ഭൂജല വകുപ്പിനും മണക്കായി പൂൽപേശിക്കാവ് റോഡിൽ വൈദ്യുതീകരണത്തിന് ഇലക്ട്രിക് ലൈൻ വലിക്കൽ എന്ന പ്രവൃത്തിക്കായി 125989 രൂപ കെ എസ് ഇ ബി ക്കും കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലത്ത് പൈപ്പ് ലൈൻ നീട്ടുന്നതിനായി 120000 രൂപ കേരള വാട്ടർ അതോറിറ്റിക്കും ഡെപ്പോസിറ്റായി അനുവദിച്ചിട്ടുണ്ട്. മേൽ പ്രവൃത്തികളിൽ കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലത്ത് പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രവൃത്തി ഒഴികെയുള്ള മറ്റു പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നം. 86/2022/ത.സ്വ.ഭ.വ തീയതി 19-4-22 ഖണ്ഡിക 12-2(5)ഡി പ്രകാരം കേരള ജല അതോറിറ്റി, കെ എസ് ഇ ബി എന്നീ സ്ഥാപനങ്ങൾക്ക് തുക മുനകൂർ നൽകുന്നതിനുള്ള പ്രവർത്തിയുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തയ്യാറാക്കി സാങ്കേതികാനുമതി നൽകിയതിന് ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണെന്നും എന്നാൽ മുൻകൂർ തുക അനുവദിക്കുന്നതിനു മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട ഏജൻസിയുമായി കരാറിലേർപ്പെടേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നുണ്ടെങ്കിലും തുക അനുവദിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട സ്ഥാപനവുമായി കരാറിലേർപ്പെടുന്നില്ല. 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ Electricity Deposit ഇനത്തിൽ 2,598,828 രൂപയും Water Deposit ഇനത്തിൽ 1,050,000 രൂപയും ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. മുൻ സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിലും ഇതേ തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത് . പ്രസ്തുത തുക ഏത് പ്രവൃത്തിക്കായി ഏത് വർഷം നൽകിയതാണെന്നോ നിലവിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ

വേണ്ട തുടർ പ്രവർത്തനങ്ങൾ സെക്രട്ടറി സ്വീകരിക്കേണ്ടതും തുക അനുവദിക്കുന്നതിന് മുമ്പ് മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സെക്രട്ടറിക്ക് ക്വാർട്ടേഴ്സിന്റെ വാടകയും വീട്ടുവാടക അലവൻസും ഒരേ സമയം അനുവദനീയമല്ല. ₹39744 തിരികെ ഈടാക്കേണ്ടതാണ്.

സ്വന്തമായി ക്വാർട്ടേഴ്സ് ലഭ്യമല്ലാത്ത മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്ക് വാടക ഇനത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കാൻ ജി.ഒ.(ആർ.ടി) നം.15/2017/തസ്വഭവ/തീയതി. 10.01.2017 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി താമസിക്കുന്ന ക്വാർട്ടേഴ്സിന്റെ വാടക അടവാക്കിയ വകയായി പ്രതിമാസം 8000/ രൂപ നിരക്കിൽ 2022-23 വർഷത്തിൽ 96000/- (8000 X 12) രൂപ തനത് ഫണ്ടിൽ നിന്ന് സെക്രട്ടറിക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ സെക്രട്ടറിയായ ശ്രീ. വിനോദ് കുമാർ . എസ് ന് പ്രതിമാസ ശമ്പളത്തോടൊപ്പം 3312/- രൂപ നിരക്കിൽ വീട്ടുവാടക അലവൻസ് അനുവദിച്ചുട്ടുണ്ട്. ബില്ലിന്റെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | മാസം | മാസം | തുക (ഗ്രോസ് തുക) | വീട്ടു വാടക ബത്ത |
|---|---|---|---|---|
| 1 | 17391108 | 4/22 | 62376 | 3312 |
| 2 | 17531109 | 5/22 | 62376 | 3312 |
| 3 | 17724832 | 6/22 | 62376 | 3312 |
| 4 | 17877252 | 7/22 | 62376 | 3312 |
| 5 | 18178029 | 8/22 | 62376 | 3312 |
| 6 | 18286950 | 9/22 | 62376 | 3312 |
| 7 | 18478921 | 10/22 | 62376 | 3312 |
| 8 | 18626730 | 11/22 | 62376 | 3312 |
| 9 | 18813382 | 12/22 | 62376 | 3312 |
| 10 | 18894440 | 1/23 | 62376 | 3312 |
| 11 | 19082711 | 2/23 | 62376 | 3312 |
| 12 | 19351444 | 3/23 | 62376 | 3312 |
| | | | ആകെ | 39744 |

കേരള സർവീസ് ചട്ടങ്ങൾ പ്രകാരം, വീട്ടു വാടക അലവൻസ് ഒരു പരിഹാരവേതനം (Compensatory Allowance) ആണ്. ഉദ്യോഗസ്ഥന് ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായി ആസ്ഥാനത്തിനുള്ളിൽ താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനാണ് ഈ തുക സർക്കാർ അനുവദിക്കുന്നത്. സർക്കാർ വക ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ജീവനക്കാരന് വീട്ടുവാടക അലവൻസിന് അർഹതയില്ല. ഈ സാഹചര്യത്തിൽ നഗരസഭ വാടക നൽകുന്ന ക്വാർട്ടേഴ്സ് ഉപയോഗിക്കുന്ന നഗരസഭ സെക്രട്ടറിക്ക് വീട്ടുവാടക അലവൻസ് അനുവദിച്ചത് ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച് നൽകിയ 43/14-1-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ക്വാട്ടേഴ്സ് വാടകയും വീട്ടുവാടക അലവൻസും ഒരുമിച്ച് നൽകിയത് പ്രകാരം നാളിതുവരെ തിരികെ അടവാക്കാനുള്ള തുക അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം അനർഹമായി വീട്ടുവാടക അലവൻസ് ഇനത്തിൽ അനുവദിച്ച ₹39744 (3312x12) തിരികെ ഒടുക്കേണ്ടതാണ്. (ഖണ്ഡിക 3-1 കൂടി കാണുക)

### 3-2 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം -സർക്കാർ ഉത്തരവിനു വിരുദ്ധമായി അധികം ചെലവഴിച്ച ₹4,69,300 നിരാകരിക്കുന്നു.

നഗരസഭയിലെ എസ്.സി വിഭാഗത്തിൽപ്പെട്ട 50 വിദ്യാർത്ഥികൾക്ക് മേശയും കസേരയും അംഗീകൃത ഏജൻസികളിൽ നിന്നോ, ടെൻഡർ നടപടിക്രമങ്ങൾപ്രകാരമോ വാങ്ങി സർക്കാർ മാനദണ്ഡമനുസരിച്ച് വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച പ്രോജക്ട് ആണിത്. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി/പ്രോജക്ട് ഓഫീസർ , നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| പ്രോജക്ട് നമ്പർ, പേര് | 47/23, പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം |
| അടങ്കൽ | ₹ 600000 (വികസന ഫണ്ട്, എസ്.സി.പി) |
| ചെലവ് | ₹599300 |
| ബിൽ നമ്പർ, തീയതി | 322/28.03.2023 |

മേൽ പ്രോജക്ട് പ്രകാരം ടെൻഡർ നടപടിക്രമങ്ങൾ അനുസരിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (23.02.2023 ലെ കൗൺസിൽ യോഗ തീരുമാനം.നം.22) ആസിം ഡിസൈനിംഗ് & ഇന്റീരിയേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തീരുമാനിക്കുകയും, 16.02.2022ലെ കൗൺസിൽ തീരുമാനം നമ്പർ 3 പ്രകാരം നഗരസഭ പരിധിയിൽ അർഹരായ എസ്.സി വിഭാഗം ഗുണഭോക്താക്കളുടെ എണ്ണം കുറവായതിനാൽ പ്രോജക്ടിൽ വകയിരുത്തിയ തുക ഉപയോഗിച്ച് ഗുണ നിലവാരമുള്ളതും ഈടുനിൽക്കുന്നതുമായ ഫർണിച്ചറുകൾ അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും (ഇൻവോയിസ് നം. 471/27.03.2023 ) ഫർണിച്ചറുകൾ വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 26 വിദ്യാർത്ഥികൾക്കാണ് ഫർണിച്ചറുകൾ വിതരണം ചെയ്തിട്ടുള്ളത്.

പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച സ.ഉ (കൈ) നം.115/2022 തീയതി 28.05.2022 ലെ ഖണ്ഡിക 7.2.6 പ്രകാരം പട്ടികജാതി പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്ക് മേശയും കസേരയും (മരം/സ്റ്റീൽ) വാങ്ങി നൽകാവുന്നതാണെന്നും, ഇതിനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് 5000 രൂപയും, പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്ക് 6000 രൂപയും എന്ന നിരക്കിലാണ് ചെലവഴിക്കാവുന്നത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള മേൽ പ്രോജക്ടിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത ഒരു മേശ ഒരു കസേര എന്നിവയുടെ വില ഒന്നിന് 23050 രൂപയാണ്. സർക്കാർ മാർഗ്ഗനിർദേശ പ്രകാരം അനുവദനീയമായ തുകയേക്കാൾ കൂടുതൽ (18050x26) ₹469300 അധികമായി ചെലവഴിച്ചിട്ടുണ്ട്.

2.പ്രോജക്ട് പ്രകാരം 50 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിനാണ് പ്രോജക്ടിൽ തുക വകയിരുത്തിയിട്ടുള്ളത് എന്നാൽ 26 പേർക്ക് മാത്രമാണ് ആനുകൂല്യം അനുവദിച്ചത്.

3.വാങ്ങൽ നടപടികളിൽ പ്രക്യൂർമെന്റ് കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല

4. കൗൺസിൽ തീരുമാനം (3/16.2.2023) സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.

5. പ്രോജക്ട് തയ്യാറാക്കുമ്പോഴൊ അംഗീകാരം നൽകുമ്പൊഴോ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനോ, അംഗീകാരം നൽകിയ ജില്ലാ പട്ടികജാതി വികസന ഓഫീസറോ പ്രോജക്ട് സബ്സിഡി മാർഗ്ഗരേഖ ലംഘനമാണെന്ന് പരാമർശിച്ചിട്ടില്ല. പകരം ഈ പ്രോജക്ട് നിയമാനുസൃതവും, മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതവും, സബ്സിഡി നിരക്ക് യൂണിറ്റ് കോസ്റ്റ് ഉൾപ്പെടെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുകയാണ് ചെയ്തത്. പ്രോജക്ട് തയ്യാറാക്കി അംഗീകാരത്തിനായി നൽകിയ നിർവ്വഹണ ഉദ്യോഗ്സ്ഥൻദ പ്രോജക്ട് സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമാണ് എന്ന് സാക്ഷ്യപ്പെടുത്തി നൽകിയിരു മൂലമാണ് സർക്കാർ ഉത്തരവിന് വിരുദ്ധമായ ഈ അധിക ചെലവ് സംഭവിച്ചത്.

മേൽ അപാകങ്ങളുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.14/09.01.2024) മറുപടിയായി പ്രോജക്ട് പ്രകാരം 50 പേർക്ക് നൽകാവുന്ന അപേക്ഷകരിൽ അർഹരായവർ 26 പേർ മാത്രമാണ് ഉണ്ടായതെന്നും അതിനാലാണ് 16.02.2023 ലെ കൗൺസിലിന്റെ 03 നമ്പർ തീരുമാന പ്രകാരം വകയിരുത്തിയ തുക വിനിയോഗിച്ച് ഗുണമേൻമയുള്ള ഫർണ്ണിച്ചർ വാങ്ങിയത് എന്നറിയിച്ചിട്ടുണ്ടെങ്കിലും പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായുള്ള ചെലവ്

ആയതിനാൽ ₹469300 യുടെ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് പലിശ സഹിതം ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സാക്ഷ്യപത്രം നൽകുന്നതിനായി കണക്കുകൾ പരിശോധിച്ച തീയതി | സാക്ഷ്യപത്രം നൽകിയതിന്റെ നമ്പർ/ തീയതി |
|---|---|---|
| 2022-23 | 04-01-2024 & 05-01-2024 | കെ.എസ്.എ/കെ.എൻ.ആർ/സി. 15/92/2024 തീയതി: 26.02.2024 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് & നമ്പർ | വൗച്ചർ നം/ തീയതി | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവായ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് ,കണ്ണൂർ | കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ കുഴൽകിണർ സ്ഥാപിക്കൽ 173/23 | 149/31-03-2023 | 85000 | 67348 | ₹17652 നഗരസഭ ഫണ്ടിൽ തിരിച്ചടച്ചു |
| | | 245/16-03-2023 | 38860 | 38860 | 0 |
| കെ എസ് ഇ ബി | മണക്കായി പുൽപേശിക്കാവ് റോഡിൽ വൈദ്യുതീകരണത്തിന് ഇലക്ട്രിക് ലൈൻ വലിക്കൽ | ചെക്ക് നം 1032296 / 25-4-22 | 125989 | 125989 | 0 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലത്ത് പൈപ്പ് ലൈൻ നീട്ടൽ, 372/23 | 261/24-03-2023 | 120000 | 0 | 120000 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം മുനിസിപ്പാലിറ്റിക്ക് വായ്പയിനത്തിൽ വരവില്ല. വായ്പയിനത്തിൽ വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള ₹41558091 യിൽ ₹7851832 തിരിച്ചടച്ചിട്ടുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പ യുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണം KURDFC ലോൺ | GO. 147/2009/ ത.സ്വ.ഭ.വ/ 29-7-2009 | 3,93,36,119 | 6131426 | 4905164 | 5902857 | 1226262* |
| പി.എം. എ.വൈ KURDFC ലോൺ | ഉത്തരവ് ലഭ്യമാക്കിയിട്ടില്ല | 4,42,00,000 | 35426665 | 2946668 | | 32479997 |
| ആകെ | | | 41558091 | 7851832 | | 33706259 |

* വായ്പ രജിസ്റ്റർ പ്രകാരം 2021-22 വർഷം 6131426രൂപ ബാലൻസ് തുകയായി രേഖപ്പെടുത്തേണ്ടതിന് പകരം 6131318 രൂപയാണ് രേഖപ്പെടുത്തിയത്. തുക തമ്മിൽ 108/- രൂപയുടെ വ്യത്യാസം കാണുന്നു. പലിശ തുകയായി അടവാക്കിയ 1012230/- രൂപ മുൻ വർഷവും 234668 രൂപ തൻവർഷവും തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുകയിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ഇപ്രകാരം കുറവ് വരുത്തിയ തുകയുൾപ്പെടെയാണ് (₹32459361) വാർഷിക കണക്കിൽ തിരിച്ചടക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5594749 |
| തൻ വർഷം നിക്ഷേപിച്ച തുക | 2,85,707 |
| ആകെ | 58,80,456 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 58,80,456 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമ നമ്പർ | ഇനം | നിക്ഷേപിച്ച തിയ്യതി& പലിശ | കാലാവധി പൂർത്തിയാകുന്ന തീയതി | തുക (₹) |
|---|---|---|---|---|
| 1 | കൊളാരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മട്ടന്നൂർ FD നമ്പർ 26/2010-11/18-5-2021 | 19/5/2010 7% | 16.5.2023 | 2804452 |

| | | | | |
|---|---|---|---|---|
| | കൊളാരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മട്ടന്നൂർ<br>FD നമ്പർ 0302111703477/2022/ | 1-31.3.2022to01.5.2022-31days<br>2-01.5.2022to29.10.22-181days<br>3.29.10.22to29.10.2023-1 Year<br>7.75% | 29.10.2023 | 10,81,500 |
| 2 | യൂനിയൻ ബാങ്ക്, മട്ടന്നൂർ FD നമ്പർ -817010 Dt 28.1.2022 | 28.1.22<br>5% | 28.1.2023 | 1473504 |
| 3 | ക്ലീൻ കേരള മിഷൻ ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 033/26-5-2014, 500 എണ്ണം @ ₹1000 | | | 500000 |
| 4 | ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 256/13.1.1993 -60 എണ്ണം @ ₹100 | | | 6,000 |
| 5 | ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 207/13.1.1993 -150 എണ്ണം @ ₹100 | | | 15,000 |
| | | | | 58,80,456 |

## 4-7 ഓഡിറ്റ് റിക്കവറി

ഇത് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

മുനിസിപ്പാലിറ്റിയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 5 | 2004-05 | 4/11-13 | രേഖയില്ല കാലിത്തീറ്റ വിതരണത്തിൽ ക്രമക്കേട് | നിലവിലെ അവസ്ഥ തുടരുന്നു |
| 2016-17 | 3-1 | 2017-18 | 1-13-6 | ഫണ്ട് വിനിയോഗം പുരോഗതി കൈവരിച്ചില്ല | ,, |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 31,91,18,701 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 28,55,73,500 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,09,044 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,12,55,107 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-20 (3-1) | | 39744 | ശ്രീ. എസ്. വിനോദ് കുമാർ (സെക്രട്ടറി) |
| 1-37 (3-2) | | 4,69,300 | ശ്രീ.കെ.പി.രമേഷ്ബാബു (പ്രോജക്ട് ഓഫീസർ) |
| | ആകെ | 509044 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 50,000 | ശ്രീ.എസ്.വിനോദ്കുമാർ(സെക്രട്ടറി) |
| 1-26 | 5,00,000 | ശ്രീ.എസ്.വിനോദ്കുമാർ(സെക്രട്ടറി ) |
| 1-27 | 10,00,000 | ശ്രീ.എസ്.വിനോദ്കുമാർ(സെക്രട്ടറി ) |
| 1-29 | 10,21,548 | ശ്രീ.എസ്.വിനോദ്കുമാർ(സെക്രട്ടറി ) |
| 1-32 | 1,20,000 | ശ്രീ.പ്രണാം.കെ.ടി (നഗരസഭ എഞ്ചിനീയർ) |
| 1-38 | 1,00,000 | ശ്രീ.കെ.പി .രമേഷ് ബാബു(പ്രോജക്ട് ഓഫീസർ) |
| 1-39 | 4,69,080 | ശ്രീ.കെ.പി .രമേഷ് ബാബു(പ്രോജക്ട് ഓഫീസർ) |
| 1-40 | 1,27,985 | ശ്രീ.കെ.പി .രമേഷ് ബാബു(പ്രോജക്ട് ഓഫീസർ) |
| 1-41 | 18,10,000 | ശ്രീ.കെ.പി .രമേഷ് ബാബു(പ്രോജക്ട് ഓഫീസർ) |

| | | |
|---|---|---|
| 1-43 | 42,31,644 | ഡോ.സുഷമ.കെ<br>മെഡിക്കൽ ഓഫീസർ-സി എച്ച് സി |
| 1-44 | 15,00,000 | ശ്രീ.ശശിധരൻ.എം.പി<br>(ഹെഡ്മാസ്റ്റർ.ജി യു പി എസ് ) |
| 1-45 | 1,49,850 | ശ്രീ.ശശിധരൻ.എം.പി<br>(ഹെഡ്മാസ്റ്റർ.ജി യു പി എസ് ) |
| 1-46 | 1,75,000 | ശ്രീ.ശശിധരൻ.എം.പി<br>(ഹെഡ്മാസ്റ്റർ.ജി യു പി എസ് ) |
| ആകെ | 1,12,55,107 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്,തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.എസ് വിനോദ് കുമാർ(സെക്രട്ടറി ) | സെക്രട്ടറി,മട്ടന്നൂർ നഗരസഭ | നാരായണ നിവാസ് ,<br>തമലം ,<br>തിരുവനന്തപുരം ,പൂജപ്പുര |
| ശ്രീ.പ്രണാം.കെ.ടി (നഗരസഭ എഞ്ചിനീയർ) | നഗരസഭ എഞ്ചിനീയർ,മട്ടന്നൂർ നഗരസഭ | കൊളങ്ങരക്കണ്ടി,തൃക്കണ്ണാപുരം<br>കണ്ണൂർ |
| ശ്രീ.കെ.പി. രമേഷ് ബാബു(പ്രോജക്ട് ഓഫീസർ) | പ്രോജക്ട് ഓഫീസർ,<br>നഗര ദാരിദ്ര്യ നിർമ്മാർജന സെൽ<br>മട്ടന്നൂർ നഗരസഭ | ടി.പി.ഹൗസ്,<br>മാവിലേരി,<br>ചെണ്ടയാട് (പി ഒ) |
| ഡോ.സുഷമ.കെ<br>മെഡിക്കൽ ഓഫീസർ-സി എച്ച് സി | മെഡിക്കൽ ഓഫീസർ-സി എച്ച് സി<br>മട്ടന്നൂർ | കൊളക്കൽഹൗസ്,<br>മുണ്ടയാട് (പി ഒ)<br>കണ്ണൂർ |
| ശ്രീ.ശശിധരൻ.എം.പി (ഹെഡ്മാസ്റ്റർ.ജി യു പി എസ് ) | ഹെഡ്മാസ്റ്റർ.ജി യു പി എസ്-മട്ടന്നൂർ | അനുഗ്രഹ,തെരൂർ പാലയോട് ,<br>കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 തനത് ഫണ്ട് | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(2)/23-11-2011 | 3 |
| 1997-98 പദ്ധതി വിഹിതം | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(1)/23-11-2011 | 12 |
| 1998-99 തനത് ഫണ്ട് | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(4)/23-11-2011 | 11 |
| 1998-99 പദ്ധതി വിഹിതം | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(3)/23-11-2011 | 11 |
| 1999-00 തനത് ഫണ്ട് | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(6)/23-11-2011 | 10 |
| 1999-00 പദ്ധതി വിഹിതം | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(5)/23-11-2011 | 3 |
| 2000-01 പദ്ധതി വിഹിതം | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(7)/23-11-2011 | 17 |
| 2000-01 തനത് ഫണ്ട് | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(8)/23-11-2011 | 1 |
| 2001-02 തനത് ഫണ്ട് | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(10)/23-11-2011 | 10 |
| 2001-02 പദ്ധതി വിഹിതം | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(9)/23-11-2011 | 7 |
| 2002-03 | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(11)/23-11-2011 | 4 |
| 2003-04 | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(12)/23-11-2011 | 7 |
| 2004-05 | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(13)/23-11-2011 | 13 |
| 2005-06 | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(14)/23-11-2011 | 11 |
| 2006-07 | എൽ.എഫ്/കെ.എൻ.ആർ/ബി.3/ 490/ 13/16-5-2013 | 15 |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ/ബി.3/ 1927/ 13/16-5-2013 | 25 |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ/ബി.3/ 1371/ 13/4-1-2014 | 29 |
| 2009-10 | എൽ.എഫ്/കെ.എൻ.ആർ/ബി.3/ 1371/ 13/4-1-2014 | 30 |

| | | |
|---|---|---|
| 2010-11<br>2011-12 | എൽ.എഫ്/കെ.എൻ.ആർ/ബി.3/<br>146/ 15/29-7-2015 | 47 |
| 2012-13<br>2013-14<br>2014-15 | എൽ.എഫ്/കെ.എൻ.ആർ/ബി.3/<br>2059/16/29-2-2016 | 31 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ബി.2/<br>178/17/10-2-2017 | 8 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.13/<br>1806/17/27-11-2017 | 18 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.16/<br>126/19/14-3-2019 | 12 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.16/<br>1789/19/22-1-2020 | 36 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ./സി.15/<br>41/2022 തീയതി: 11.05.2022 | 27 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ./സി.15/<br>42/2022 തീയതി: 12.05.2022 | 29 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ./സി.15/<br>531/2023 തീയതി: 18.05.2023 | 31 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 36 dated 27-07-2023 and submitted on 07-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Mattannur Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mattannur Municipality for the year 2022-2023

**Date: 26/02/2024**

**Senior Deputy Director**
**District Office Kannur**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Mattannur Municipality for the Year 2022-2023 .

**1.Major Observations**

Discrepancies in carrying forward of the closing balance in the year in respect of asset, liability are detailed below

| Code No- | Item | 2022-23 Trial Balance Opening Balance | 2021-22 Trial Balance Closing Balance |
|---|---|---|---|
| 350200130 | Recoveries Payable -EPF | 263550 | 207300 |
| 450210100 | Union Bank Of | 398452.83 | 454702.83 |

| | | | |
|---|---|---|---|
| | India Own Fund | | |

**2.Other Observations**

1.Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

2.The following accounting rules such as rule 58.4, rule 58.3 prescribed in the Municipality accounting rules 2007 are not followed

3.The mandatory financial statements ( Ratios )prescribed in accounting rules not submitted for audit

4.Notes on Account not submitted for audit

5. Payment Voucher misclassification- the amount given as advance for deposit works wrongly booked as Revenue Expenditure

6. Lapses in making timely and accurate demand entries in respect of tax and non tax revenue

7.Lack of authenticated vouchers for supporting the enties recorded in Capital contibution, prior period items

8.The amount directly credited by bank not taken in to account

9.Asset register not updated

10.The balane amount( Loan,Investment,C F C) shown in the annual financial statement does not match with the amount shown in respective registers

11.The following registers are not maintained

i) Deposit register

ii) Arrear demand register

iii) Appropriation control register

12.The following registers are not reliable for audit

i) advance register

ii) profession tax register

iii) license register

iv) rent register

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

### 1. RECEIPT & PAYMENT STATEMENT

| Mattannur Municipality RECEIPT & PAYMENT STATEMENT For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 56409837.51 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 4149680.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 0.0 |
| 130000000 | Rental income from Panchayat Properties | RP-3 | 119104.00 |
| 140000000 | Fees & User Charges | RP-4 | 10494622.00 |
| 150000000 | Sale & Hire Charges | RP-5 | 303803.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 93666660.00 |
| 171000000 | Interest Earned | RP-8 | 1188114.00 |
| 180000000 | Other Income | RP-9 | 380566.00 |
| 430000000 | Stock-in-hand | RP-36 | 22.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 127653828.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-22 | 111231.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 71684919.00 |
| 340000000 | Deposits Received | RP-27 | 2532233.00 |
| 350000000 | Other Liabilities | RP-29 | 6807163.00 |
| 460000000 | Loans, Advances and Deposits | RP-41 | 26756.00 |
| | **Grand total** | | **375528538.51** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-10 | 15342520.00 |
| 220000000 | Administrative Expenses | RP-11 | 3484019.00 |
| 230000000 | Operations & Maintenance | RP-12 | 5671540.00 |
| 240000000 | Interest & Finance Charges | RP-13 | 238554.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 55217312.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 30996622.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 16806506.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 5382720.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 116365.00 |
| 350000000 | Other Liabilities | RP-29 | 16527150.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 88665401.00 |
| | **Non Operating** | | |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-19 | 1383350.00 |
| 311000000 | Earmarked Funds | RP-22 | 2430095.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 139105.00 |
| 330000000 | Secured Loans | RP-25 | 5139832.00 |
| 340000000 | Deposits Received | RP-27 | 1880961.00 |
| 350000000 | Other Liabilities | RP-29 | 24853926.00 |
| 410000000 | Fixed Assets | RP-31 | 10262477.00 |
| 412000000 | Capital work in Progress | RP-33 | 588045.00 |
| 460000000 | Loans, Advances and Deposits | RP-41 | 447000.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 89955038.51 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **375528538.51** |

**2. INCOME & EXPENDITURE STATEMENT**

| **Mattannur Municipality INCOME & EXPENDITURE STATEMENT**<br>For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 28519601.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 12714212.00 |
| 140000000 | Fee & User Charges | I-4(b) | 13803505.00 |
| 150000000 | Sale & Hire Charges | I-5(b) | 303803.00 |
| 160000000 | Revenue Grants, Funds, Contributions & | I-6 | 208811617.00 |

| | | | |
|---|---|---|---|
| | Compensations / Subsidies | | |
| 170000000 | Income from Investments | I-7 | 285707.00 |
| 171000000 | Interest Earned | I-8 | 1188114.00 |
| 180000000 | Other Income | I-9 | 536497.00 |
| | **Total Income** | | **266163056.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 54683580.00 |
| 220000000 | Administrative Expenses | I-11(b) | 4102424.00 |
| 230000000 | Operations & Maintenance | I-12(b) | 5945833.00 |
| 240000000 | Interest & Finance Charges | I-13 | 238554.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 129830698.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 32836222.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 16806506.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 5382720.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | -52535.00 |
| 270000000 | Provisions and Write off | I-16 | 35328.00 |
| 272000000 | Depreciation | I-17(a) | 51390849.00 |
| | **Total Expenditure** | | **301200179.00** |
| | **Gross Surplus / Deficit of income over Expenditure** | | **-35037123.00** |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -6376996.00 |
| | **Net difference (Prior period Income - Prior period Expenditure)** | | **-28660127.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

### 3. BALANCE SHEET

| Mattannur Municipality BALANCE SHEET<br>As on 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 174165012.37 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 116031.00 |
| 312000000 | Reserves | B-3 | 290424561.00 |
| | **Total Reserve & Surplus** | | **464705604.37** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 168502936.00 |
| | **Total Grants, Contributions for Specific Purposes** | | **168502936.00** |
| | **Loans** | | |

| | | | |
|---|---|---|---|
| 330000000 | Secured Loans | B-5 | 32459361.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **32459361.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 52450170.00 |
| 350000000 | Other Liabilities | B-9 | 14376217.74 |
| | **Total Current Liabilities and Provisions** | | **66826387.74** |
| | **TOTAL LIABILITIES** | | **732494289.11** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 517362056.00 |
| 411000000 | Accumulated Depreciation | B-11 | -71295595.00 |
| 412000000 | Capital Work in Progress | B-11 | 47149368.00 |
| | **Total Fixed Assets** | | **493215829.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 5620242.00 |
| | **Total Investments** | | **5620242.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 133982252.60 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -1229846.00 |
| 450000000 | Cash and Bank Balance | B-17 | 89955038.51 |
| 460000000 | Loans, Advances and Deposits | B-18 | 10950773.00 |
| | **Total Current Assets, Loans and Advances** | | **233658218.11** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **732494289.11** |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ